# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Reg. No. 29377/78

Book No. 19 Vol. 02 November 2025








2025 സെപ്റ്റംബർ 13 എറണാകുളത്ത് ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർ

1957ൽ സംസ്ഥാനത്തെ രണ്ടാമത്തെ സർവ്വീസ് സംഘടനയായി രജിസ്ട്രർ ചെയ്യപ്പെട്ട്; ഫാർമസി പ്രൊഫഷന്റെ ഉന്നമനത്തിനും അവകാശ പോരാട്ടങ്ങൾക്കും വേണ്ടിയുള്ള ഇടവേളകളില്ലാത്ത പ്രവത്തനങ്ങൾ ആറര പതിറ്റാണ്ട് താണ്ടുമ്പോഴും പ്രതിസന്ധികളെ അതിജീവിച്ചും മുൻകാല നേതാക്കൾ പകർന്ന് നൽകിയ സമരവീര്യം ചോരാതെ കാത്തുസൂക്ഷിച്ചും കേരള സിവിൽ സർവീസ് രംഗത്ത് ശിരസ്സ് ഉയർത്തി നിൽക്കുന്ന സംഘടനയാണ് കേരള ഗവ: ഫാർമസിസ്റ്റ്സ് അസോസിയേഷൻ.

നിർഭയത്വവും മാതൃകാപരമായ പ്രവർത്തന ശൈലികളും കൊണ്ട് സമര തീക്ഷ്ണമായ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ സംഘടനയുടെ മുൻകാല നേതാക്കളായ കെ.പി. വർക്കി, എം.എൻ. വി.ജി. അടിയോടി, പി. ജനാർദ്ദനൻ നായർ, കെ വൽസരാജ് തുടങ്ങി എഴുതി ചേർക്കപ്പെടേണ്ട നിരവധി നേതാക്കൾ പകർന്ന് നൽകിയ ഊർജ്ജമാണ് സംഘടനയുടെ കരുത്ത്.

നാളെകളിലേക്കുള്ള പ്രയാണത്തിൽ, നേരിടേണ്ടി വരുന്ന കടന്നാക്രമണങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും നേരിടാൻ സംഘടനയെ സുസജ്ജമാക്കും വിധം ഓരോ പ്രവർത്തകരിലും സംഘടനാ അവബോധവും നേതൃപാഠവവും വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ സെപ്തംബർ 13 ശനിയാഴ്ച്ച എറണാകുളം വൈ. എം. സി. എ ഹാളിൽ വച്ച് ഏകദിന പഠന ക്യാമ്പ് നടത്തിയത്. സംസ്ഥാന പ്രസിഡണ്ട് അനിത ഡി.എൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഭിലാഷ് ജയറാം സ്വാഗതം പറഞ്ഞു.

കെ.ജി.പി.എ യുടെ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും നിലവിലെ FIPO ജനറൽ സെക്രട്ടറിയുമായ എം കെ പ്രേമാനന്ദൻ 'കെ.ജി.പി.എ യുടെ ചരിത്രങ്ങളും നേട്ടങ്ങളും' എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. സർവ്വീസ് കാലയളവത്രയും കെ.ജി.പി.എ എന്ന വികാരം ഹൃദയത്തോട് ചേർത്ത് പിടിച്ച മുൻ ജനറൽ സെക്രട്ടറി കൂടിയായ അദ്ദേഹത്തിന് ആ ആവേശം ഒട്ടും നഷ്ടപെട്ടിട്ടില്ല എന്ന് തെളിയുന്ന വാക്കുകളിലൂടെ നാളിത് വരെയുള്ള സംഘടനയുടെ നേട്ടങ്ങളെയും മുൻകാല നേതാക്കളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെയും അദ്ദേഹം വരച്ചുകാട്ടി.

1957–ൽ ആദ്യമായി ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ 10 സ്റ്റോർ സൂപ്രണ്ട് തസ്തികകൾ, താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിൽ പി.എസ് കെ തസ്തികകൾ, 1985 –ൽ ADPS, 13 ജില്ലകളിൽ എസ്.വി.ഒ ടീം (അന്ന് 13 ജില്ലകളാണ് നിലവിൽ ഉണ്ടായിരുന്നത്) എല്ലാം സൃഷ്ടിക്കപ്പെട്ടത് സംഘടനയുടെ വിശ്രമമില്ലാത്ത പ്രവർത്തനങ്ങളുടെ ഫലമാണ്. സ്റ്റോർ കസ്റ്റോഡിയൻഷിപ്പ് നേടിയെടുത്തത്, വിവിധ ശമ്പള പരിഷ്ക്കരണങ്ങളിൽ അടിസ്ഥാന ശമ്പളസ്കെയിൽ ഉയർത്തപ്പെട്ടത്, ജില്ലാ എഫ് ഡബ്ല്യു സ്റ്റോറുകളിലെ വാക്സിൻ സ്റ്റോർ ചുമതല മിനിസ്റ്റീരിയിൽ വിഭാഗത്തിൽ നിന്നും ഫാർമസിസ്റ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടത്, കെ.എം എസ് സി. എൽ രൂപീകരികരണത്തിന്റെ ഭാഗമായി തസ്തികകൾ റദ്ദാക്കാനുള്ള നീക്കം പ രാജയപ്പെടുത്തിയത്, തുടങ്ങി സംഘടനയുടെ നിരവധി നേട്ടങ്ങൾ അദ്ദേഹം അക്കമിട്ട് വിവരിച്ചു. ആർദ്രം തസ്തികകൾ നേടിയെടുത്തും അനന്ത പുരിയിൽ സ്വന്തമായി ഒരു ആസ്ഥാന മന്ദിരം നിർമ്മിച്ചതും സംഘടനാ സംവിധാനം ഉണർന്ന് പ്രവർത്തിച്ചതിന്റെ ഉദാത്ത മാതൃകകളാണ്. സംഘടനാ ചരിത്രത്തെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചുമുള്ള ക്ലാസ്സ് അംഗങ്ങളിൽ അറിവും അതോടൊപ്പം ആവേശവും പകർന്നുനൽകി. തുടർന്ന് കെ. ജി .പി. എ സംസ്ഥാന വൈ: പ്രസിഡണ്ട് എം.എസ്. മനോജ് കുമാർ (മുൻ കെ.ജി.പി.എ സംസ്ഥാന ജനറൽ സെക്രട്ടറി) 'സംഘടനാ പ്രവർത്തനം ജില്ലകളിൽ & ബൈലോ എന്ന വിഷയത്തിൽ സംസാരിച്ചു. വ്യക്തിബന്ധങ്ങളുടെ സൗഹൃദവലയങ്ങൾ ചെറുതായി വരുന്ന വർത്തമാനകാലത്ത് അത് നിലനിർത്തേണ്ട ആവശ്യകതയെക്കുറിച്ചും; സംഘടനാ പ്രവർത്തനങ്ങളിൽ അതിന്റെ പ്രാധാന്യം എന്താണ് എന്നതിനെക്കുറിച്ചും കൃത്യമായുള്ള ബോധ്യപ്പെടുത്തലായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ഓരോ പ്രവർത്തകരും നിർബന്ധമായും അറിഞ്ഞിരിക്കേണ്ട സംഘടനയുടെ നിയമാവലി മനസ്സിലാക്കിയെടുക്കാൻ അദ്ദേഹത്തിന്റെ ലളിതമായ വാക്കുകളിലൂടെ സാധിച്ചു.

അംഗങ്ങളിൽ നിന്നും മെമ്പർഷിപ്പ് തുകയും പ്രവർത്തന ഫണ്ടും സ്വീകരിച്ച് പ്രവർത്തിക്കുന്ന സർവീസ് സംഘടന എന്ന നിലയ്ക്ക് സാമ്പത്തിക വിനിമയങ്ങളുടെ സുതാര്യതയും കണക്കുകളുടെ ഓഡിറ്റിംഗും സംഘടനയുടെ ഉത്തരവാദിത്വം കൂടിയാണ്. മുൻ കെ.ജി.പി .എ സംസ്ഥാന ട്രഷറർ എം കെ മനോജ്, ഈ വിഷയം വളരെ കൃത്യതയോടെ അവതരിപ്പിച്ചു.

സായാഹ്നത്തിലേക്ക് നീളുമ്പോൾ അലസത കവരാറുള്ള സദസ്സായിരുന്നില്ല; മറിച്ച് ആവേശവും ഊർജ്ജസ്വലതയും പ്രകടമായതായിരുന്നു ക്ലാസ്സിനു ശേഷവും സദസ്സിൽ നിന്നുള്ളവരുടെ ആശംസാവാക്കുകൾ. നിശ്ചയദാർഢ്യം നിറഞ്ഞ അവരുടെ വാക്കുകൾ; സംഘടനയുടെ മുന്നോട്ടുള്ള ചുവടുകളെ പ്രതീക്ഷാനിർഭരമാക്കുന്നു. പ്രതിസന്ധികളുടെ പേമാരികൾ പെയ്തൊഴിയാൻ കാത്തുനിൽക്കാതെ കർമ്മനിരതരാവാം എന്ന നിശ്ചയ ദാർഢ്യത്തോടെ നാം ഇനിയും മുന്നോട്ട്...

ശ്രീലേഷ് പി.
സംസ്ഥാന വൈസ് പ്രസിഡണ്ട് (കെ. ജി. പി.എ)

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 19 Vol. 02 November 2025

Reg. No. 29377/78



*Managing Editor*

**D. N. ANITHA**

*Printer & Publisher*

**ABHILASH JAYARAM**

*Editor*

**MANOJ T. G.**

E-mail: manojpmst@gmail.com

Ph: 9747594837

*Editorial Board*

**MANOJ KUMAR M. S.**

**SREELESH P.**

**SUBHA N.**

**GANESH S.**

*Layout & Printing*

**Alwaye Press, Aluva**

0484-2623318, 9496281118


## ഉള്ളടക്കം


- എഡിറ്റോറിയൽ 02
  - മനോജ് ടി. ജി.
- ലോക ഫാർമസിസ്റ്റ് ദിനം 03
  - ഡി. എൻ. അനിത (പ്രസിഡന്റ്)
- ഫാർമാട്രിക്സ് 04
  - ശ്രീകുമാർ ആലപ്പുഴ
- സംഘടനാ പ്രവർത്തനവും, ബൈലോയും 05
  - അഭിലാഷ് ജയറാം (ജന. സെക്രട്ടറി)
- കെ.ജി.പി.എ. ചരിത്രം 08
  - എം. കെ. പ്രേമാനന്ദൻ
- The Silent Killer in Sweet Syrup: How Toxic Cough Medicines Continue to Claim Young Lives 10
- ഫാർമസിസ്റ്റ് അനുഭവക്കുറിപ്പ് 13
  - വിനീത പി.എസ്.
- വ്യക്തിവിശേഷം - കെ. പവിത്രൻ 15
  - മനോജ് തൈത്തറ
- മറന്നുപോയൊരു വാഗ്ദാനം - കഥ 18
  - ശുഭ എൻ.
- ജീവിതം തന്നേ ലഹരി, ലഹരിയല്ല ജീവിതം - കവിത 19
  - ഉമൈറ
- നിവേദനങ്ങൾ 20

# എഡിറ്റോറിയൽ



● മനോജ് ടി. ജി.

ആരോഗ്യമേഖലയിലെ പുതിയ വർത്തമാനം എന്നത് 2015 മുതൽ ഇങ്ങോട്ട് കണക്കെടുത്തപ്പോൾ ഗവ. ആശുപത്രിയിലെ OP കണക്ക് വലുതാവുകയും കിടപ്പ് ചികിത്സയിലുള്ള രോഗികളുടെ എണ്ണം കൊല്ലംതോറും ചെറുതായി വരികയും ചെയ്യുന്നു എന്നതാണ്.

2024 വരെയുള്ള കണക്കുകൾ അപഗ്രഥിച്ചപ്പോൾ ഒരുവർഷം 12 കോടി ജനങ്ങൾ OP സേവനം തേടി; പക്ഷേ IP യിൽ അത് 74 ലക്ഷം എന്ന കണക്കിൽ നിൽക്കുന്നു.

കഴിഞ്ഞ 10 വർഷംകൊണ്ട് പതിനായിരത്തിൽപരം അധിക തസ്തികകൾ പുതിയതായി സൃഷ്ടിക്കുകയും, ആധുനികരീതിയിൽ സ്ഥാപനങ്ങൾ ഗ്രേഡ് നൽകി നവീകരിക്കുകയും കെട്ടിടങ്ങൾ പൊക്കത്തിലും, നീളത്തിലും വർദ്ധിക്കുകയും ചെയ്തിട്ടും OP യിൽ വന്ന് വരിനിന്ന് മരുന്നിനും മറ്റ് കാര്യങ്ങൾക്കും വേണ്ടി മാത്രമാണ് പൊതുജനം സർക്കാർ ആശുപത്രിയെ മുഖ്യമായും ആശ്രയിക്കുന്നത് എന്ന വർത്തമാനം ശാന്തമായി ആലോചിച്ച് വിലയിരുത്തേണ്ടതാണ്.

NCD മരുന്നുകൾ വാങ്ങാൻ മാത്രമാണ്, നമ്മുടെ FHC കളിലും, CHC കളിലും പൊതുജനം വരിനിന്ന് വിവശർ ആവുന്നത്. സീസൺ അസുഖങ്ങൾക്കും മറ്റും അവർ വരുന്നുണ്ട്. പക്ഷേ KGPA പോലുള്ള സംഘടനകൾ ഫാർമസിസ്റ്റുകളുടെ അധിക തസ്തികകൾക്ക് വേണ്ടി ശബ്ദമുയർത്തുമ്പോൾ, നിവേദനങ്ങൾ, കോടതി കയറിയിറങ്ങൽ തുടങ്ങിയവ നടത്തുമ്പോൾ അതിൽ ഒരു നേരും, യാഥാർത്ഥ്യബോധവും ഉണ്ടായിരുന്നു എന്ന് തെളിയുകയാണ്. സാധാരണക്കാരുടെ പോക്കറ്റ് കാലിയാവാതിരിക്കാൻ ഗവ. ആശുപത്രികൾ ഫാർമസി മേഖല ശക്തിപ്പെടുത്തണം, ശാക്തീകരിക്കണം. കാലം ആവശ്യപ്പെടുന്ന മാറ്റങ്ങൾ കൂട്ടിച്ചേർക്കലുകൾ ഏതെന്ന് തിരിച്ചറിയണം. അതിലേക്കുള്ള വഴികൾ ഈയിടെ അനുവദിച്ച 250 തസ്തികകൾ എന്നതിനപ്പുറം CHC കളിൽ 3 പേർ എന്നതും Fin cap അനുസരിച്ച് PSK, സൂപ്രണ്ട് തസ്തികകൾ എന്നതും കൂടിയാണ്.

ശബരിമല സേവനം ആരംഭിച്ചു. പുരുഷ ഫാർമസിസ്റ്റുകളുടെ നിരന്തര ആവശ്യത്തിന് KGPA ഇടപെട്ട് ഒരു പരിഹാരം ഉണ്ടാക്കി നൽകി. തുല്യത എന്ന രാജ്യത്ത് ജനാധിപത്യപരമായും ഭരണഘടനാപരമായും നിലനിൽക്കണം. മരുന്നിനായി ഇത്രയേറെ പേർ ഫാർമസിയെ ആശ്രയിക്കുമ്പോൾ, സ്റ്റോർ മാനേജ്മെന്റ് എന്ന വലിയ കടമ്പകൾ ചാടിക്കയറി നടക്കുന്നവരെ ദീർഘനാൾ മാറ്റിനിർത്തുന്നത് ഔദ്യോഗികപരമായി നല്ലതല്ല എന്ന തീരുമാനങ്ങൾ അംഗീകരിക്കപ്പെടണം.

തിരുത്തലുകളുടെ വലിയ കാറ്റ് ശബരിമലയിൽ വീശുമ്പോൾ മറ്റൊരു തിരുത്തിലേക്ക് ഫാർമസിസ്റ്റുകളും കടക്കുകയാണ്.

# പ്രസിഡന്റിന്റെ സന്ദേശം



ഡി. എൻ. അനിത

# ലോക ഫാർമസിസ്റ്റ് ദിനം

സെപ്റ്റംബർ 25 ലോക ഫാർമസിസ്റ്റ് ദിനം. FIPO നേതൃത്വത്തിൽ ഇത്തവണ ആഘോഷം ഉത്തര മലബാറിൽ ആയിരുന്നു. പൊതുവെ ആരോഗ്യസംവിധാനങ്ങൾ കുറഞ്ഞ കാസർ ഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഏവരും ഒത്തു ചേർന്നു. ഫാർമസിസ്റ്റ് എന്ന ഹൃദയവികാര ത്തിൽ രാഷ്ട്രീയം കലർത്താതെ നിലനിൽപിന്റെ പതാകകൾ ഏവരും ഒരുമിച്ച് പാറിച്ചു. SPO, KGPA, KPPA, AKPS സംഘടനകൾ പങ്കെടുത്തു. പഴയകാല പ്രവർത്തകരെ ആദരിക്കാനും പുതിയ മുദ്രാവാക്യങ്ങൾ മുന്നോട്ട് വെയ്ക്കാനും സമ്മേ ളനത്തിന് സാധിച്ചിട്ടുണ്ട്. ഉത്തര മലബാറിന്റെ ആരോഗ്യസംവിധാനങ്ങൾ മികവുറ്റതാക്കാൻ തക്ക ആശയങ്ങൾ ഉദ്ഘാടകനായ ബഹു. എം. പി. രാജ്മോഹൻ ഉണ്ണിത്താന് സമർപ്പിച്ചു; ഫാർമ പാർക്ക് അടക്കം. ഇന്നും കർണാടകയുടെ അതിർത്തി കടന്ന് ആംബുലൻസുകൾ പായു ന്നത് മലയാളത്തിൽ സംസാരിക്കുന്നവന്റെ ജീവ നുവേണ്ടിയാണ് എന്ന യാഥാർത്ഥ്യത്തിൽ ഊന്നി വികസനം വിളയുന്ന ഒരു ഉത്തര കേരളം FIPO മുന്നോട്ടുവെയ്ക്കുന്നു. ആതിഥ്യം വഹിച്ച കാസർഗോഡ് ജില്ലയെ അഭിനന്ദിക്കുന്നു.

നിരന്തര പ്രവർത്തനങ്ങൾ സംഘടനയെ ചലിപ്പിക്കാൻ ആവശ്യമായി വരുന്നു. എല്ലാ ആഴ്ചയും DHS, DME, DIMS കയറിയിറങ്ങുന്ന ഒരു പ്രവർത്തനത്തെപ്പറ്റി അംഗങ്ങൾ ബോധവാ ന്മാർ ആകേണ്ടിയിരിക്കുന്നു. വ്യക്തിപരമായ സർവ്വീസ് പ്രശ്നങ്ങൾക്കും അംഗങ്ങൾ കെ.ജി. പി.എ. യെ സമീപിക്കുന്നുണ്ട്. മുകൾതട്ടിൽ നമുക്ക് പ്രിയപ്പെട്ടവർ മോണിറ്റർ ചെയ്യേണ്ട പലതും കെ.ജി.പി.എ. നേതാക്കൾ പലവട്ടം ചെന്ന് കണ്ടാലെ ചലിക്കൂ എന്ന വർത്തമാനകാല ദുരന്തം ഇന്നുകളുടെ പ്രതീക്ഷകൾക്ക് മങ്ങൽ ഏൽപിക്കുന്നുണ്ട്. എങ്കിലും കയറിയിറങ്ങുകത ന്നെ. PSK പ്രമോഷൻ അടക്കം പലതും നേടാൻ നമുക്കായി. ജില്ല മാറി പോയവർക്ക് തെല്ല് ആശ്വാസം നൽകുന്ന രീതിയിൽ Gr.I ട്രാൻസ്ഫ റുകൾ നടന്നുവരുന്നു. സംഘടനയ്ക്ക് ചെയ്യാൻ സാധിക്കുന്നത് അതിലും ചെയ്യുന്നുണ്ട്. ഫാർമസി മേഖലയിലെ വിഷയങ്ങൾ ചർച്ചയ്ക്ക് വെയ്ക്കാൻ സമയം അനുവദിക്കേണ്ടതുണ്ട്. അതിനായി ആരോഗ്യവകുപ്പ് സെക്രട്ടറിയിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു.

എറണാകുളത്ത് സെപ്റ്റംബർ 13 ന് കെ.ജി. പി.എ. ഏകദിന പരിശീലന പരിപാടി സംഘടി പ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്ക് ബൈലോ ഭേദഗതി ഉൾപ്പെടെയുള്ള വിഷയങ്ങ ളിലും ഓഡിറ്റ് വിഷയത്തിലും ബോധവത്കരണം നടത്തിയിട്ടുണ്ട്. സംഘടനാചരിത്രം വിപുലമാ യിത്തന്നെ ബുള്ളറ്റിനിൽ വരുന്നുണ്ട്. ഏവരും വായിച്ച് മനസ്സിലാക്കണം. ശ്രീ. പ്രേമാനന്ദൻസാർ ആ വിഷയത്തിലും എറണാകുളത്ത് സംസാ രിച്ചു.

ഇതിന്റെ ചുവട് പിടിച്ചാണ് കൗൺസിൽ മീറ്റിംഗ് തൃശൂർ നഗരത്തിൽ വിപുലമായ പങ്കാ ളിത്തത്തോടെ നടന്നത്. ബൈലോ ഭേദഗതി ആസ്പദമാക്കി നടത്തിയ പരിപാടി പങ്കാളിത്തം കൊണ്ട് വിജയമായി... വരുംകാല വെല്ലുവിളികൾ ഏത് രീതിയിൽ വന്നാലും സംഘടനയും

അതിന്റെ സ്വത്തുക്കളും സുരക്ഷിതമായി നില നിൽക്കാൻ നമ്മൾ മുന്നെ ചിന്തിക്കുന്നു അത്ര മാത്രം.

ESI മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളിൽ തൊഴിൽമന്ത്രി വി. ശിവൻകുട്ടിക്ക് കാര്യങ്ങൾ വിശദീകരിച്ച് നിവേദനം നൽകിയിട്ടുണ്ട്. ഇടയ്ക്ക് അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെയും കണ്ട് പ്രധാന വിഷയങ്ങൾ ബോധ്യപ്പെടുത്തി. മരുന്ന് ക്ഷാമത്തിന് കാരണമായ വാഹന പ്രശ്നം, ശീതീകരണം, മെഡിസിൻ കവർ പ്രശ്നം, Gr.I പ്രൊമോഷൻ ഒക്കെ ചർച്ചയായി.

DME വിഭാഗത്തിൽ സ്റ്റോർ സൂപ്രണ്ടിന് അപ്പുറം പ്രൊമോഷൻ തസ്തികകൾ ഉണ്ടാവേണ്ട കാര്യം ഉറക്കെ ചിന്തിച്ചിട്ടുണ്ട് സംഘടന. അതിനായുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് ആയ സ്ഥിതിക്ക് അതിനനുസരിച്ച് തസ്തികകൾ സ്റ്റേറ്റ് തലത്തിൽ വരണം. സൂപ്രണ്ടായി 5, 6 വർഷം ഇരുന്ന് മുന്നോട്ട് പോയിട്ടുള്ളവരുടെ അവകാശങ്ങൾക്കായി ഇനിയും തസ്തികകൾ പല തട്ടിൽ സൃഷ്ടിക്കപ്പെടണം.

## ഫാർമാട്രിക്സ്

**ശ്രീകുമാർ ആലപ്പുഴ**



## ജനറൽ സെക്രട്ടറിയുടെ സന്ദേശം



**അഭിലാഷ് ജയറാം**

# സംഘടനാ പ്രവർത്തനവും, ബൈലോയും

സംഘടനാ ചട്ടങ്ങളാണ് ബൈലോ (By - law) ഇന്ത്യൻ ഭരണഘടനയുടെ 19 1 (C) ആർട്ടികൾ ഏതൊരു ഇന്ത്യൻ പൗരനും സംഘടന രൂപീകരിച്ച് നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള അവകാശം നൽകുന്നു. സംഘടനകളുടെ മേൽ ഭരണഘടനാനുസൃതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഗവൺമെന്റിന് അധികാരമുണ്ട്.

സംഘടനകളുടെ ഘടനയും പ്രവർത്തനവും ഏകീകരിക്കുകയാണ് ബൈലോയുടെ പ്രധാന ലക്ഷ്യം. സംഘടനയുടെ ഉദ്ദേശ്യലക്ഷ്യം നിർവ്വഹിക്കുക, ലക്ഷ്യ പ്രാപ്തിക്കുതകുന്ന തരത്തിൽ വിവിധ തലങ്ങളിൽ സംഘടനാ രൂപങ്ങൾ ഉണ്ടാക്കുകയും നിലനിർത്തുകയും ചെയ്യുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ.

1957 മുതൽ പ്രവർത്തിച്ചു വരുന്ന നമ്മുടെ സംഘടനയും ബൈലോ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്.

2025-ൽ ബൈലോ ഭേദഗതിയിൽ കൂടി സംഘടനയുടെ ആസ്ഥാനം കെ.ജി.പി.എ ഭവൻ, തിരുവനന്തപുരം ആയി നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ കമ്മിറ്റികൾ, ബ്രാഞ്ച് കമ്മിറ്റികൾ എന്നിവയുടെ ആസ്ഥാനം അതാത് വർഷത്തെ വാർഷിക ജനറൽ ബോഡി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നു.

കേരള ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്ന ഏത് ഫാർമസിസ്റ്റിനും സംഘടനയിൽ അംഗമാകാം. അംഗത്വം നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ബ്രാഞ്ച് കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. സാധാരണ അംഗങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും, വിമർശനങ്ങളും അവതരിപ്പിക്കാനുള്ള വേദി ബ്രാഞ്ച് പൊതുയോഗങ്ങളാണ്. ആയതിനാൽ സംഘടനാ പ്രവർത്തനത്തിന്റെ യഥാർത്ഥ പരീക്ഷണശാലയാണ് ബ്രാഞ്ചുകൾ എന്ന് പറയാം. മെമ്പർഷിപ്പിനായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുവാനും, തള്ളുവാനുമുള്ള അധികാരം ബ്രാഞ്ച് കമ്മിറ്റികൾക്ക് ഉണ്ട്.

ബ്രാഞ്ച് പൊതുയോഗം തെരഞ്ഞെടുക്കുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി കൂടാതെ നാല് കമ്മിറ്റിയംഗങ്ങളും ചേർന്നതാണ് ബ്രാഞ്ച് ഭരണസമിതി. സെക്രട്ടറി ട്രഷറായി പ്രവർത്തിക്കുന്നു. അഞ്ച് അംഗങ്ങൾ ഒരാൾ എന്ന നിലയ്ക്കും, മൂന്നിൽ അധികം പേർ ശേഷിക്കുകയാണെങ്കിൽ അതിന് ഒരാൾ എന്ന നിലയ്ക്ക് ജില്ലാ കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കേണ്ടതാണ്.

**ജില്ലാ കമ്മിറ്റി**

ഒരോ ജില്ലയ്ക്കും ഒരു ജില്ലാ കമ്മിറ്റി എന്നതാണ് കണക്ക്. ജില്ലയിലെ ബ്രാഞ്ചുകളിൽ നിന്ന് തെരഞ്ഞെടുക്കുന്നവർ ചേർന്ന ജില്ലാ കൗൺസിലാണ് ജില്ലയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടത്.

ജില്ലാ പ്രസിഡന്റ്, വൈസ് പ്രസിഡൻ, ജില്ലാ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവർയ്ക്ക് പുറമെ 6 കമ്മിറ്റിയംഗങ്ങളും ചേർന്ന

താണ് ജില്ലയുടെ ഭരണസമിതി. 20 അംഗങ്ങൾക്ക് ഒരാൾ എന്ന നിലയ്ക്കും ശേഷിക്കുന്ന 15–ൽ അധികം പേർക്ക് ഒന്ന് എന്ന നിലയ്ക്കും സംസ്ഥാന കൗൺസിൽ അംഗങ്ങളെയും തിരഞ്ഞെടുക്കണം. ഒരു ആഡിറ്റർ കൂടി തെരഞ്ഞെടുക്കാം അവർ ജില്ലാ കൗൺസിൽ അംഗമാകണമെന്നില്ല. ജില്ലാ കമ്മിറ്റിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുമ്പോൾ ജില്ലാ പ്രസിഡന്റ് & ജില്ലാ ട്രഷറർ എന്നിവരുടെ പേരിൽ ജോയിന്റ് ആയി പ്രവർത്തനം നടത്തേണ്ടത്.

**സംസ്ഥാന കമ്മിറ്റി**

ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാന കൗൺസിൽ അംഗങ്ങൾ ചേർന്ന സംസ്ഥാന കൗൺസിൽ ആണ് സംഘടനയുടെ പരമാധികാര സഭ.

സംസ്ഥാന പ്രസിഡന്റ്, മൂന്ന് വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, മൂന്ന് സംസ്ഥാന സെക്രട്ടറിമാർ, സംസ്ഥാന ട്രഷറർ, ഓഫീസ് സെക്രട്ടറി, ഫാർമസി ബുള്ളറ്റിൻ എഡിറ്റർ, നാല് സെക്രട്ടറിയേറ്റ് അംഗങ്ങൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒന്ന് വീതം 14 സംസ്ഥാന കമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്നതാണ് സംസ്ഥാന ഭരണ സംവിധാനം. രണ്ട് ആഡിറ്റർമാരെയും തെരഞ്ഞെടുക്കേണ്ടതാണ്. ഇവർ സംസ്ഥാന കൗൺസിൽ അംഗമായിരിക്കണമെന്നില്ല. ബാക

**സംസ്ഥാന സെക്രട്ടറിയേറ്റ്**

സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സംസ്ഥാനട്രഷറർ, മൂന്ന് വൈസ് പ്രസിഡന്റ്മാർ മൂന്ന് സംസ്ഥാന സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറി, ഫാർമസി ബുള്ളറ്റിൻ എഡിറ്റർ, കൂടാതെ നാല് സെക്രട്ടറിയേറ്റ് അംഗങ്ങൾ ചേർന്നതാണ് സംസ്ഥാന സെക്രട്ടറിയേറ്റ്. അടിയന്തിര ഘട്ടത്തിൽ ഏത് വിഷയത്തിലും അനുയോജ്യമായ തീരുമാനമെടുക്കാൻ സംസ്ഥാന സെക്രട്ടറിയേറ്റിന് അധികാരമുണ്ട്. എടുക്കുന്ന തീരുമാനം തൊട്ടടുത്ത സംസ്ഥാന കമ്മിറ്റിയിൽ അവതരിപ്പിക്കണം.

**ഫാർമസി ബുള്ളറ്റിൻ**

സംസ്ഥാന പ്രസിഡന്റ് മാനേജിംഗ് എഡിറ്റർ, ജനറൽ സെക്രട്ടറി പ്രിന്റർ & പബ്ലിഷർ ആയും കൂടാതെ എഡിറ്റർ, അഞ്ച് സംസ്ഥാന കൗൺസിൽ അംഗങ്ങളെ ചേർത്ത എഡിറ്റോറിയൽ ബോർഡിനെയും ആദ്യ സംസ്ഥാന കൗൺസിൽ യോഗത്തിൽ തെരഞ്ഞെടുക്കണം.

**ഫണ്ട് വിഹിതം**

മെമ്പർഷിപ്പ് & വാർഷിക വരിസംഖ്യയുടെ 50% സംസ്ഥാന കമ്മിറ്റി 20% ബ്രാഞ്ച് കമ്മിറ്റി, 30% ജില്ലാ കമ്മിറ്റി വിഹിതമായി നിശ്ചയിച്ചിരിക്കുന്നു. പ്രവർത്തന ഫണ്ടിന്റെ 30% സംസ്ഥാന കമ്മിറ്റിയ്ക്കും 70 % ജില്ലാ കമ്മിറ്റി വിഹിതവുമായി നിശ്ചയിച്ചിരിക്കുന്നു.

**തർക്കങ്ങൾ**

ബ്രാഞ്ചുകൾ തമ്മിലുള്ള തർക്കങ്ങൾ ജില്ലാ കമ്മിറ്റിയ്ക്ക് തീരുമാനിക്കാം. ജില്ലാ കമ്മിറ്റി തീരുമാനത്തിലുള്ള അപ്പീലുകൾ ജില്ലാ കൗൺസിലിന് തീർപ്പാക്കാം. ജില്ലയും, ബ്രാഞ്ചും തമ്മിലുള്ള തർക്കങ്ങളിൽ സംസ്ഥാന കമ്മിറ്റിയ്ക്ക് തീരുമാനമെടുക്കാം പ്രസ്തുത തീരുമാനത്തിന്മേലുള്ള അപ്പീൽ സംസ്ഥാന കൗൺസിലിന് തീർപ്പാക്കാം.

**അച്ചടക്ക നടപടികൾ**

സംഘടനാ നിയമങ്ങൾക്കും തീരുമാനങ്ങൾക്കും എതിരായി പ്രവർത്തിക്കുന്ന അംഗങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് വിവിധ കമ്മിറ്റിയ്ക്ക് അധികാരമുണ്ട്.

സാധാരണ അംഗങ്ങൾ, ജില്ലാ കൗൺസിൽ, ജില്ലാ കമ്മിറ്റി അംഗങ്ങൾ എന്നിവർക്കെ തിരെ ജില്ലാ കമ്മിറ്റികൾക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കാം. ജില്ലാ കമ്മിറ്റി തീരുമാനത്തിനെതിരെ സംസ്ഥാന കമ്മിറ്റിയ്ക്ക് അപ്പീൽ നൽകാവുന്നതാണ്.

സംസ്ഥാന കൗൺസിൽ അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം സംസ്ഥാന കമ്മിറ്റിയ്ക്കാണ്. ഈ തീരുമാനത്തിന്മേലുള്ള അപ്പീലുകൾ സംസ്ഥാന കൗൺസിലിന് നൽകാം.

ബ്രാഞ്ച് ജനറൽ ബോഡിയ്ക്കും, ജില്ലാ

കൗൺസിലുകൾക്കും ബന്ധപ്പെട്ട കമ്മിറ്റികളുടെ ഭാരവാഹികളെ തൽസ്ഥാനത്ത് നിന്ന് നീക്കാവുന്നതാണ്. ആയതിന് സന്നിഹിതരായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗത്തിന്റെ പിന്തുണ ആവശ്യമാണ്. പ്രസ്തുത യോഗത്തിന് 15 ദിവസത്തിന് മുൻപ് നോട്ടീസ് നൽകിയിരിക്കണം. മുകളിൽ പറഞ്ഞിട്ടുള്ള ഏത് നടപടിയും സ്വീകരിക്കുന്നതിന് മുൻപ് കുറ്റാരോപിതനായ വ്യക്തിയ്ക്ക് പറയാനുള്ളത് കേൾക്കുന്നതിന് മതിയായ അവസരം നൽകേണ്ടതാണ്.

ബൈലോ പ്രകാരം ഒരാളുടെ മെമ്പർഷിപ്പ് റദ്ദാക്കപ്പെടുന്ന സാഹചര്യത്തിൽ വഹിക്കുന്ന നേതൃത്വ സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കുന്ന സാഹചര്യമൊഴികെ പൊതു തെരഞ്ഞെടുപ്പിലൂടെ പുതിയ ഭരണസമിതി അധികാരം ഏൽക്കുന്നതുവരെ നിലവിലുള്ള എല്ലാ കമ്മിറ്റികൾക്കും അധികാരത്തിൽ തുടരാവുന്നതാണ്.

സംഘടനാ തീരുമാനങ്ങൾക്ക് വിധേയമായി എല്ലാ കമ്മിറ്റികളും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കേണ്ടതാണ്. എല്ലാ അംഗങ്ങൾക്കും തങ്ങളുടെ അഭിപ്രായങ്ങൾ എതിരഭിപ്രായങ്ങളടക്കം അവതരിപ്പിക്കുന്നതിനുള്ള അവസരങ്ങളും വേദികളുമുണ്ട്. പ്രസ്തുത അഭിപ്രായങ്ങൾ പരിഗണിച്ചതിന് ശേഷം കൂട്ടായി എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ച് പ്രവർത്തിക്കുന്നതിന് എല്ലാവരും ബാദ്ധ്യസ്ഥരാണ്.

**കോറം**

ജില്ലാ, സംസ്ഥാന കൗൺസിൽ & ബ്രാഞ്ച് ജനറൽ ബോഡി യോഗത്തിന് 30% കൂടാതെ ജില്ലാ, സംസ്ഥാന കമ്മിറ്റി യോഗത്തിന് 50% ആണ് കോറമായി നിശ്ചയിച്ചിട്ടുള്ളത്.

## സമകാലിക പൊതുവിഷയങ്ങൾ

ശബരിമല ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് ഫാർമസിസ്റ്റുമാർക്ക് മറ്റ് ചില വിഭാഗവുമായി ഡ്യൂട്ടി ദിവസത്തിലുള്ള വിവേചനം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് 2024-ൽ തന്നെ നമ്മൾ നിവേദനം നൽകിയെങ്കിലും പരിഹരിക്കപ്പെട്ടില്ല. തുടർന്ന് ഈ വർഷം മണ്ഡലകാലത്ത് ഡ്യൂട്ടി ദിവസത്തിലെ വിവേചനം പരിഹരിച്ച് ഏകീകരിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പുരുഷ ഫാർമസിസ്റ്റുമാരുടെ ലിസ്റ്റ് സഹിതം നിവേദനം നൽകിയെങ്കിലും,പരിഹരിക്കപ്പെടില്ല എന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ നിയമ നടപടിയുമായി സംഘടന മുന്നോട്ട് പോകുകയും, കോടതി വിധി അകൂലമായ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഴുവൻ വിഭാഗം ജീവനക്കാരുടെയും ഡ്യൂട്ടി ദിവസം 7 ദിവസമായി ഏകീകരിച്ച് ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ഉണ്ടാകുകയും ചെയ്തു. സർക്കാർ ഫാർമസിസ്റ്റുമാരെയും, സംഘടനയെയും സംബന്ധിച്ച് ഈ തീരുമാനം സംഘടന ചരിത്രത്തിൽ എഴുതി ചേർക്കപ്പെടും എന്നതിൽ സംശയം വേണ്ട.

ഇ.എസ്.ഐ വകുപ്പിൽ റീജിയണൽ സ്റ്റോറുകളിൽ സ്റ്റോർ സൂപ്രണ്ട് തസ്തികകൾ, ശമ്പള പരിഷ്കരണ അനോമലികൾ ഇനിയും പരിഹാരമായില്ല. ഇ.എസ്.ഐ ഫാർമസിസ്റ്റുമാരുടെ സംസ്ഥാന കൺവെൻഷൻ ഡിസംബർ 7 ന് എറണാകുളത്ത് സംഘടിപ്പിക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റോർ വെരിഫിക്കേഷൻ ടീം രൂപീകരണം, ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം, ക്ലീനിക്കൽ ഫാർമസിസ്റ്റ് തസ്തികയുടെ രൂപീകരണം തുടങ്ങി വിവിധ അജണ്ടകളുമായി മുന്നോട്ട്. സംസ്ഥാന ഡി.എം.ഇ ഫാർമസിസ്റ്റുമാരുടെ കൺവെൻഷനും നടത്തുവാൻ തീരുമാനമുണ്ട്..

**മെമ്പർഷിപ്പ് 2026**

2026 ലെ മെമ്പർഷിപ്പ് പ്രവർത്തനം നവംബർ 20 ന് ആരംഭിച്ച് ജനുവരി 15 ന് പൂർത്തികരിക്കുന്നു. നമ്മുടെ സംഘടനയ്ക്ക് ശക്തി പകരുന്ന രീതിയിൽ സർക്കാർ ഫാർമസിസ്റ്റുമാർ എല്ലാവരും മെമ്പർഷിപ്പ് പ്രവർത്തനത്തിൽ സഹകരിച്ച് സംഘടനാംഗങ്ങളായി മാറുക. കെ.ജി.പി.എ പ്രവർത്തനം ജില്ലകളിൽ ശക്തമാകട്ടെ.

**ഫാർമാ കലോത്സവം 2026**

2026 മുതൽ സംസ്ഥാന തലത്തിൽ വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി ഫാർമാ കലോത്സവം നടത്തുവാൻ തീരുമാനിച്ചുണ്ട്.



# കെ.ജി.പി.എ. ചരിത്രം

ഭാഗം 3

**എം. കെ. പ്രേമാനന്ദൻ**
(മുൻ ജനറൽ സെക്രട്ടറി KGPA)



**1970** ലെ കോട്ടയം സംസ്ഥാന സമ്മേളനത്തിലെ തീരുമാനപ്രകാരം കെജിപിഎ സംസ്ഥാനത്തുടനീളം ബ്രാഞ്ച് കമ്മറ്റികൾ രൂപീകരിച്ചതോടെ പ്രാദേശിക മായി സംഘടന ശക്തമായി. സ്ഥാപനതലങ്ങളിലും മറ്റും ഫാർമസിസ്റ്റുകൾ നേരിടുന്ന പ്രശ്നങ്ങൾ ഫലപ്രദമായി പഠിച്ചു, പ്രാദേശികമായി തന്നെ പരിഹാരം കാണാനും സാധിച്ചു. മാത്രമല്ല സംഘടനയിൽ പുതിയ കേഡർ മാരെ വളർത്തിയെടുക്കാനുമായി. ബ്രാഞ്ച് കമ്മറ്റി കളിലൂടെ വളർന്ന നിരവധി പേർ പിന്നീട് ജില്ലാ,സംസ്ഥാന നേതാക്കളായി വളരുകയുണ്ടായി. ബ്രാഞ്ച് കമ്മറ്റികളും, സംസ്ഥാന, ജില്ലാ കൗൺസിലുകളും സംഘടനയിൽ ജനാധിപത്യ ബോധം ഊട്ടിയുറപ്പിക്കാനും പുതിയ കേഡർമാരുടെ ഉദയത്തിനും സഹായകമായി.

## ഗവണ്മെന്റ് റൂറൽ ഡിസ്പെൻസറി കളുടെ (GRD) ആവിർഭാവം

മുഖ്യമന്ത്രി ശ്രീ. സി. അച്യുത മേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ശ്രീ.എൻ. കെ. ബാലകൃഷ്ണൻ ആരോഗ്യ, സഹകരണ വകുപ്പ് മന്ത്രിയായിരിക്കെ (1970-77) സംസ്ഥാനത്തെ പഞ്ചായത്തുകൾ തോറും ഗവൺമെന്റ് റൂറൽ ഡിസ്പെൻസറികൾ (GRD) ആരംഭിക്കുവാൻ തീരുമാനിച്ചു. ഇത് പ്രകാരം സംസ്ഥാനത്തെ നൂറ് കണക്കിന് പഞ്ചായത്തുകളിൽ GRD കൾ സ്ഥാപിക്കപ്പെട്ടത്, പുതുതായി ഫാർമസി വിദ്യാഭ്യാസം നേടിയ നിരവധി ഫാർമസിസ്റ്റുകൾക്ക് വലിയ തൊഴിലവസരമാണ് സൃഷ്ടിച്ചത്. മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, ANM, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 എന്നീ തസ്തികകൾ ആണ് ഓരോ GRD യിലും അനുവദിച്ചത്.ഡിസ്പെൻസിങ് ചെയ്യുന്നത് കൂടാതെ ഓഫീസ് ജോലികളും ഫാർമസിസ്റ്റിന്റെ ഡ്യൂട്ടി ആയിരുന്നു. അതിനു പ്രത്യേക ക്ലെറിക്കൽ അലവൻസും ഉണ്ടായിരുന്നു. അതുകൊണ്ട് അക്കാലത്തു സർവീസിൽ വന്ന ഫാർമസിസ്റ്റുമാർ എല്ലാവരും ഓഫീസ് ജോലികൾ, സർവീസ് ചട്ടങ്ങൾ, ശമ്പള നിർണയം ഉൾപ്പെടെയുള്ള സാമ്പത്തിക കാര്യങ്ങൾ എന്നിവയിൽ കൂടി അറിവ് നേടുകയും GRD കളുടെ മാത്രമല്ല, ആരോഗ്യ വകുപ്പിന്റെ തന്നെ നടത്തിപ്പിൽ നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്തിരുന്നു. ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങൾക്ക് ആധുനിക ചികിത്സയും പ്രാഥമിക ആരോഗ്യ സേവനങ്ങളും, ലഭ്യമാക്കുന്നതിൽ GRD കൾ വഹിച്ചത് വലിയ പങ്കാണ്.

## ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ (PSK)

1970 കൾ വരെ സർവീസിൽ പ്രവേശിച്ച അതേ തസ്തികയിൽ നിന്ന് തന്നെ വിരമിക്കുന്നവരായിരുന്നു ഭൂരിഭാഗം ഫാർമസിസ്റ്റുമാരും. 10 ജില്ലാ മെഡിക്കൽ സ്റ്റോറുകളിലെ സ്റ്റോർ സൂപ്രണ്ട്, ഡയരക്ടറേറ്റിലെ ഒരു സ്റ്റോർസ് ഓഫീസർ എന്നിവ മാത്രമായിരുന്നു അക്കാലത്തെ പ്രമോഷൻ തസ്തികകൾ. ഈ ഘട്ടത്തിലാണ് മേജർ ആശുപത്രികളിൽ സ്റ്റോർ ചുമതല നിർവഹിക്കാൻ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകൾ എന്ന ആവശ്യം കെ ജി പി എ മുന്നോട്ട് വെക്കുന്നത്. ഇതിനായി ചില പ്രക്ഷോഭങ്ങളും സംഘടന നടത്തുകയുണ്ടായി. ജനറൽ സെക്ര



*ശ്രീ. എൻ.കെ. ബാലകൃഷ്ണൻ*
*ആരോഗ്യ, സഹകരണ വകുപ്പ് മന്ത്രി*

ട്ടറി ശ്രീ.കെ. പി. വർക്കി ഉൾപ്പെടെയുള്ള സംസ്ഥാന നേതൃത്വതിന്റെ തന്ത്രപരമായ ഇടപെടലുകളെയും, പ്രക്ഷോഭ ങ്ങളുടെയും ഫലമായി, 1971 ഇൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, ജില്ലാ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകൾ സർക്കാർ അനുവദിച്ചു.സംഘടനയെ സംബന്ധിച് ചരിത്രപരമായ നേട്ടം തന്നെയായിരുന്നു ഇത്.

ആരോഗ്യ വകുപ്പ് മന്ത്രിയുടെ വസതിക്ക് മുന്നിലെ കൂട്ട ധർണ്ണ ഉൾപ്പെടെയുള്ള പ്രക്ഷോഭ ങ്ങളും, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതുമെല്ലാം അധികാരികളുടെ ഇടയിലും, ജീവനക്കാരുടെ ഇടയിലും കെ ജി പി എ ക്ക് തനതായ വ്യക്തിത്വം നേടിയെടുക്കാൻ സഹായകമായി.

## അഭിപ്രായ വ്യത്യാസങ്ങളും, പിളർപ്പും

നിർഭാഗ്യകരമെന്നു പറയട്ടെ നേട്ടങ്ങളുടെ നെറുകയിൽ നിൽക്കുമ്പോൾ തന്നെ സംഘടനയിൽ നയപരമായ കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളും ഉയർന്നു വന്നത് ഇക്കാലത്താണ്. ഭിന്നതകൾ രൂക്ഷമായപ്പോൾ കെ. മാധവൻ, പി. ജനാർദ്ദനൻ നായർ എന്നിവരുടെ നേതൃത്വത്തിൽ കുറച്ചു പേർ സംഘടന വിട്ടു പോകുകയും, കേരളാ ഗവണ്മെന്റ് ഫാർമസിസ്റ്റ്സ് ആൻഡ് സ്റ്റോർ കീപേഴ്സ് യൂണിയൻ എന്ന പുതിയൊരു സംഘടന രൂപീകരിച്ചു പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1973–ൽ ഈ സംഘടനക്ക് അംഗീകാരവും ലഭിച്ചു. സംഘടനയിൽ ഉണ്ടായ പിളർപ്പു നിരവധി പ്രവർത്തകരെ നിർവീര്യരാക്കി. ഫാർമസിസ്റ്റുമാർക്ക് അങ്ങേയറ്റം പ്രതികൂ ലമായ കാലഘട്ടമായിരുന്നു ഇത്.രണ്ടു സംഘടനകൾ ഫാർമസിസ്റ്റുമാർക്കിടയിൽ പ്രവർത്തിച്ചുവെങ്കിലും ഫലത്തിൽ ഫാർമസിസ്റ്റുമാർ അനാഥരാവുകയും, യാതൊരു നേട്ടങ്ങളും കൈവരിക്കാൻ കഴിയാതെ പോവുകയും ചെയ്ത നാളുകളായിരുന്നു അത്. ഭാവിതലമുറക്ക് ഇതൊരു പാഠവുമാണ്.

## ഫാർമസി ബുള്ളറ്റിൻ ആരംഭിക്കുന്നു

കെ.ജി.പി.എ പ്രവർത്തനങ്ങൾ ഫലപ്രദമായി അംഗങ്ങളിൽ എത്തിക്കാനും, ഫാർമസി മേഖലയുമായി ബന്ധപ്പെട്ട പുതിയ അറിവുകൾ പങ്കുവെക്കുന്നതിനും ഒരു മുഖപത്രം വേണമെന്ന അവശ്യം 1975–ൽ യഥാർത്ഥ്യമായയി. ആദ്യം 3 മാസം കൂടുമ്പോൾ പ്രസിദ്ധീകരിച്ചിരുന്ന ഫാർമസി ബുള്ളറ്റിൻ, ഏറെക്കാലം കണ്ണൂരിലെ കോ. ഓപ്പേറേറ്റിവ് പ്രസ്സിൽ നിന്നുമാണ് അച്ചടിച്ചിരുന്നത്. അന്തരിച്ച ശ്രീ കെ എം. വിജയൻ ആയിരുന്നു മാനേജിങ് എഡിറ്റർ. അദ്ദേഹവും, എം എൻ. വി. ജി. അടിയോടിയും ബുള്ളറ്റിൻ മികച്ച ഒരു സർവീസ് പ്രസിദ്ധീകരണമാക്കുന്നതിൽ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. കെ. പി. വർക്കി, ബി. ഗോപിനാഥൻ നായർ, പി. എം. ഭരത്കുമാർ, പി. ജനാർദ്ദനൻ നായർ, പി. എം ഐപ്പ്, കെ. രാജേന്ദ്രൻ, പി. വി. വിജയൻ, കെ. ഗോവിന്ദ് രാജ്, കെ. പവിത്രൻ, ബി. രാജൻ, കെ. ഒ. സുരേഷ്കുമാർ, കെ. ഗണേശൻ, കെ. സി. അജിത്കുമാർ, എഡ്വിൻ മോസസ്, ഇ.വി. രാജേന്ദ്രൻ, എസ്. സുഗതൻ, വി. തങ്കച്ചൻ, എം. കെ. പ്രേമാനന്ദൻ, എം. എസ്. മനോജ്കുമാർ, ടി. ജി. മനോജ്കുമാർ എന്നിവർ വിവിധ കാലങ്ങളിൽ എഡിറ്റർ, മാനേജിങ് എഡിറ്റർ മാരായി പ്രവർത്തിച്ചിട്ടുണ്ട്. കെ. ജി. പി.എ യുടെ സമര വീര്യത്തിന്റെയും, പ്രവർത്തനങ്ങളുടെയും തിളക്കമാർന്നതും, ആവേശകരവുമായ, ചരിത്ര മുഹൂർത്തങ്ങളുടെ നേർച്ചിത്രങ്ങളാണ് ഫാർമസി ബുള്ളറ്റിന്റെ ഓരോ പതിപ്പുകളിലും അനാവരണം ചെയ്യപ്പെടുന്നത്.അത് കൊണ്ട് തന്നെ ആരോഗ്യ, ഫാർമസി മേഖല കളിലുണ്ടായ മാറ്റങ്ങളെ കുറിച്ച് അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ഫാർമസി ബുള്ളറ്റിൻ സഹായകമാകും



# The Silent Killer in Sweet Syrup: How Toxic Cough Medicines Continue to Claim Young Lives

**Divine P Daniel**
Pharmacist
Rama Rao Memeorial Taluk
Hospital, Nedungolam, Kollam



## A Growing Global Nightmare

Across the world, especially in developing nations, a hidden danger lurks in something as common as cough syrup. Hundreds of children have died in recent years after taking seemingly harmless over-the-counter medicines that were secretly poisoned with industrial chemicals. The two main killers are **diethylene glycol (DEG)** and **ethylene glycol (EG)** – cheap, toxic liquids used as substitutes for safe ingredients in liquid medicines. These chemicals, normally found in car antifreeze and brake fluid, attack the kidneys, brain, and heart, and can kill a child in just a few days.

In October 2025, India witnessed yet another heartbreaking tragedy when **24 children** in Madhya Pradesh and Rajasthan lost their lives after drinking locally made cough syrups containing deadly levels of DEG. This is not a new problem – it is part of a disturbing pattern that has repeated since 2022, exposing deep cracks in drug manufacturing, raw material supply, and government oversight, especially in India, which supplies nearly 40% of the world's generic medicines.

## What Makes DEG and EG So Dangerous?

DEG and EG look, smell, and taste almost identical to safe pharmaceutical solvents like **propylene glycol** and **glycerin**. They are colorless, odorless, and slightly sweet – perfect for hiding in children's medicines. But while safe glycerin costs drug makers a premium, industrial-grade DEG and EG are dirt cheap, sometimes costing less than one-tenth the price. Greedy or negligent manufacturers buy contaminated raw materials to save money, unaware or uncaring that even **0.1% contamination** can be fatal for a child.

These toxins are never meant for human consumption. DEG is a waste product from making plastics and resins. EG is used to keep car engines from freezing. When unscrupulous suppliers label them as "pharmaceutical grade glycerin," the stage is set for disaster.

## How These Poisons Destroy the Body: A Pharmacological Breakdown

Once swallowed, both DEG and EG are absorbed quickly through the stomach and intestines, reaching peak blood levels within 1–2 hours. The real damage begins when the liver starts breaking them down.

### Ethylene Glycol (EG) – The Fast Killer

- The liver enzyme **alcohol dehydrogenase (ADH)** turns EG into **glycolic acid**, which drops blood pH dangerously low (severe metabolic acidosis).
- This acid storm causes rapid breathing, racing heart, low blood pressure, and confusion.

- Later, it forms **oxalic acid**, which combines with calcium to create sharp crystals that block kidney tubes, leading to sudden kidney failure.
- Brain swelling, seizures, and coma follow.
- **Deadly dose for a child**: As little as **1.4 ml per kg body weight** (about one teaspoon for a 10 kg child).
- **Treatment window**: Only 4–12 hours. Doctors use **fomepizole** to block ADH and emergency dialysis to clean the blood.

**Diethylene Glycol (DEG) – The Silent Destroyer**

- DEG is converted into **2-hydroxyethoxyacetic acid (HEAA)** and **diglycolic acid (DGA)**.
- DGA is especially vicious – it builds up in kidney cells, destroys mitochondria (the cell's power plants), triggers oxidative stress, and causes massive cell death in the kidneys.
- Unlike EG, acidosis is milder, but **brain and nerve damage** is worse: children develop slurred speech, inability to walk, facial paralysis, coma, and respiratory failure.
- Symptoms appear **24–72 hours** later, often too late for effective treatment.
- **Deadly dose**: Shockingly low – **0.14 ml/kg** (a few drops can kill a toddler).
- Fomepizole helps less here; dialysis is the only hope, but mortality still exceeds **50%**.

Children suffer the most because their kidneys are still developing, they receive higher doses per kg in syrup form, and many are already weak from malnutrition or infections.

**1) Poison** : EG

**Main Toxic Byproducts** : Glycolic acid, Oxalic acid

**Worst Affected Organs** : Kidneys, Brain, Heart

**Time to Severe Symptoms** : 4-12 hours

**Fatal Dose (Child)** : ~1.4 ml/kg

**2) Poison** : DEG

**Main Toxic Byproducts** : Diglycolic acid, HEAA

**Worst Affected Organs** : Kidneys, Nerves, Brain

**Time to Severe Symptoms** : 24-72 hours

**Fatal Dose (Child)** : ~0.14 ml/kg

**A Century of Repeated Tragedies**

This is not a modern accident. Poisonous glycol in medicines has killed thousands over the past 100 years:

- **1937, USA**: Elixir Sulfanilamide (antibiotic syrup) with DEG killed **107 people**, mostly children. This disaster forced the US to create modern drug safety laws.
- **1990, Bangladesh**: Contaminated paracetamol syrup – **over 300 children dead**.
- **1995–96, Haiti**: Fake glycerin in fever syrup – **85 children died**.
- **2008–09, Nigeria**: Teething mixture – **84 babies lost**.
- **2022, Gambia**: Indian-made cough syrups – **at least 70 children dead**.
- **2022, Uzbekistan**: EG in cough syrup – **20 children died**.
- **2025, India**: Latest outbreak – **24 confirmed deaths**, many more suspected.

More than **1,000 documented child deaths** since 1937 – and countless unreported cases.

| Year | Country | Medicine | Poison | Child Deaths |
|---|---|---|---|---|
| 1937 | USA | Sulfanilamide syrup | DEG | 107 |
| 1990 | Bangladesh | Paracetamol syrup | DEG | 300+ |
| 2008–09 | Nigeria | Teething syrup | DEG | 84 |
| 2022 | Gambia | Cough/paracetamol syrup | DEG | 70+ |
| 2022 | Uzbekistan | Cough syrup | EG | 20 |
| 2025 | India (MP & Rajasthan) | Cough syrup | DEG | 24+ |

### The 2025 India Outbreak: A National Shame

Between September and October 2025, hospitals in Madhya Pradesh saw a flood of children with sudden kidney failure. Tests confirmed cough syrups from companies like **Marion Biotech** and **Qube Pharmaceutical** contained up to **30% DEG** – hundreds of times above safe limits.

The World Health Organization released **Medical Product Alert N°5/2025** on October 13, warning that three Indian syrups were being sold across Asia and Africa. Police arrested factory owners, but the damage was done. Raw material suppliers had sold industrial DEG labeled as "glycerin BP/USP" – a fraud that keeps repeating.

India's drug regulator (CDSCO) has been criticized for weak factory inspections and slow recalls. Despite banning 14 syrups in 2023 after the Gambia scandal, the same loopholes remain. India exports $25 billion worth of generics yearly – but at what human cost?

### How to Stop This From Happening Again

The solutions are clear, yet slow to implement:

1. **Mandatory testing** of every batch of glycerin and propylene glycol using **gas chromatography–mass spectrometry (GC-MS)** – the only reliable way to detect DEG/EG.
2. **End-to-end supply chain tracking** with digital certificates for every raw material drum.
3. **Global blacklisting** of repeat-offender manufacturers.
4. **Ban high-risk liquid formulations** for children where safe alternatives exist.
5. **Affordable safe solvents** subsidized for small manufacturers.
6. **Real-time reporting systems** so doctors can flag clusters of kidney failure early.

India introduced compulsory testing for exports in 2023, but domestic market rules are still weak. The WHO keeps issuing alerts, but prevention lags behind.

### Final Word

Every bottle of contaminated cough syrup represents a betrayal – of trust, of science, and of childhood. These deaths are **100% preventable**. They happen not because of bad luck, but because someone chose profit over a child's life.

Until regulators treat pharmaceutical fraud as seriously as terrorism, and until every parent can trust that a sweet red syrup won't become their child's last drink, the nightmare will continue.

The next bottle on the pharmacy shelf might look innocent. But for too many families, it has already become a coffin.








**വിനീത പി.എസ്.**
ഫാർമസിസ്റ്റ്,
അതിസുരക്ഷാ ജയിൽ, വിയ്യൂർ

**2021** ഓഗസ്റ്റ് 6–നാണ് ഞാൻ ആദ്യമായി ഒരു ജയിൽ നിവാസിയായത്. കുടുംബത്തിലെ അമ്മയും എന്റെ മകനും ഒഴിച്ച് ബാക്കിയുള്ള എല്ലാവരെയും തനിക്കു മുൻപേ അണിനിരത്തി യായിരുന്നു എൻറെ ആദ്യ ജയിലിലെ രംഗ പ്രവേശനം.

സൂപ്രണ്ടിന്റെ റൂമിലെത്തിയപ്പോൾ ഇതിൽ ആരാ ജോയിൻ ചെയ്യാൻ വന്നിരിക്കുന്നത് എന്ന സൂപ്രണ്ടിന്റെ ചോദ്യത്തിനു മുൻപിൽ ഞാനാ ണെന്ന് പറയുമ്പോഴും കൈകാലുകളിലെ വിറ യൽ മാറിയിരുന്നില്ല. അപരാഹ്ന സൂര്യന്റെ എല്ലാ ശോഭയും അദ്ദേഹത്തിൻറെ മുഖത്ത് ഉണ്ടായിരു ന്നു. വളരെ പ്രസന്നനായി അദ്ദേഹം അംശംസകൾ എല്ലാം തന്ന് തിരികെ പറഞ്ഞയക്കുമ്പോൾ മനസ്സിലെ ആശങ്കകൾ ഇടിവെട്ട് വരുമ്പോൾ ഉണ്ടാകുന്ന കൂണുകൾ പോലെ മുളച്ചു തുടങ്ങി. പിറ്റേന്ന് ജയിൽ കവാടവും കടന്ന് ഇന്നർഗേറ്റ് കടക്കുമ്പോൾ ഒരു അന്യഗ്രഹ ജീവിയെ പോലെ അതീവ സുരക്ഷാ ജയിലിലെ ആദ്യത്തെ പെൺ ഫാർമസിസ്റ്റിനെ നോക്കിക്കൊണ്ടിരിക്കുന്ന ഒരു കൂട്ടം അന്തേവാസികൾ. കുറ്റവാളി അല്ലെങ്കിലും ഒരു കുറ്റവാളിയെ പോലെ രണ്ടു ഉദ്യോഗ സ്ഥരുടെ എസ്കോട്ടോടുകൂടി ജയിൽ ഡിസ് പെൻസറിയിലേക്ക് അതിവേഗം നടന്നകന്നു. രാവിലെ തന്നോടൊപ്പം വരുന്ന സുരക്ഷ ഉദ്യോ ഗസ്ഥരോട് വിശേഷങ്ങളെല്ലാം പറഞ്ഞു ആദ്യദി നങ്ങൾ കടന്നുപോയി. ഭയമല്ല ജാഗ്രതയാണ് വേണ്ടതെന്ന് തിരിച്ചറിവിൽ ഞാനെന്റെ ബോൾഡ്സിന്റെ ആക്സിലറേറ്റർ കൂട്ടി. ആദ്യ മൊക്കെ നടപ്പാതയുടെ ഇരുവശവും നിന്ന് വിവിധ ജോലികൾ ചെയ്യുന്ന അന്തേവാസിക ളോട് കുശലങ്ങൾ അന്വേഷിച്ച് നടന്നു നീങ്ങിയി രുന്നു. ചിലർക്കൊക്കെ ആരോഗ്യപ്രവർത്തക യായ എന്നോട് മമതയും ബഹുമാനവും ആയി രുന്നു അങ്ങനെയുള്ളവർ ഇപ്പോഴും ആ ബഹു മാനത്തോടുകൂടി സ്നേഹം പ്രകടിപ്പിക്കുന്നുണ്ട്. 128 തച്ചാർ എന്ന മധുരക്കാരന് തിമിരത്തിന്റെ സർ ജറി ചെയ്യാൻ എന്നാൽ ആവുന്ന സഹായങ്ങൾ ചെയ്തു നൽകിയതിൽ പിന്നെ ഈ മാഡം കാരണം എനിക്ക് കാഴ്ച തിരിച്ചു കിട്ടിയെന്ന് മറ്റു ഉദ്യോഗസ്ഥരോട് പറഞ്ഞതും ഉദ്യോഗസ്ഥർ അത് യാതൊരു മടിയും കൂടാതെ എന്നെ അറിയി ച്ചപ്പോൾ തെല്ല് സന്തോഷം തോന്നി. പതിയെ പതിയെ ഡിസ്പെൻസറിയിലെ പല പല കാര്യ ങ്ങളുടെ ചുമതലകൾ എൻറെ ശിരസ്സിൽ വന്നു ചേർന്നു. ഒരു ഫാർമസിസ്റ്റിന് അപ്പുറം ചെയ്യാ വുന്ന പല ജോലികളും സർവീസിൽ പുതിയ ആളെന്ന നിലയിൽ ചുമതലകൾഎന്നെ അടി ച്ചേൽപ്പിച്ചു. യഥാർത്ഥത്തിൽ ഒരു ഫാർമസിസ്റ്റ് ജോലികൾ എന്തൊക്കെയാണെന്ന് തിരിച്ചറി യാൻ മൂന്നര വർഷം വേണ്ടിവന്നു. മറ്റു എഫ് എച്ച് സി, സി എച്ച് സി എന്നപോലെ മരുന്നുകൾ ഇവിടെയില്ല എന്നു പറയാൻ എനിക്ക് ആവില്ലാ യിരുന്നു. ഡോക്ടർ എഴുതിയ മരുന്നുകളെല്ലാം യഥാക്രമം ഓർഡർ ചെയ്ത് എത്തിച്ചു നൽകേ ണ്ടതും എന്റെ മാത്രം ഉത്തരവാദിത്വമായി, അതിന് ചിലപ്പോഴൊക്കെ എന്നെ സഹായിച്ചത് നിരന്തരം പ്രതികളെ കൊണ്ടുപോകുന്ന ആംബു ലൻസ് ഡ്രൈവർമാരായിരുന്നു .പതിയെ കാര്യ ങ്ങൾ മാറിമറിയാൻ തുടങ്ങി ഡോക്ടറുടെ ചികി ത്സ പോര എന്നു പറഞ്ഞ് മെഡിക്കൽ കോളജി ലേക്ക് പോകാൻ വാശി കാണിക്കുന്ന ഒരുപറ്റം അന്തേവാസികൾ. അവരുടെ ഗൂഢലക്ഷ്യം മനസ്സിലാക്കി അവർക്ക് ആവശ്യമരുന്നുകൾ മാത്രം കുറിച്ചു നൽകുന്ന ജയിലിലെ നരസിംഹം എന്ന് ഞാൻ വിശേഷിപ്പിക്കുന്ന ഡോക്ടർ കെ ആർ ബിജു സാർ. എന്തു പ്രശ്നങ്ങൾ വന്നാലും ഒരു തൂൺ പോലെ തന്റെ തോളോടൊപ്പം ഉണർ ന്നു പ്രവർത്തിച്ച അദ്ദേഹം എന്നെ ഒരു ഫാർമ

സിസ്റ്റ് മാത്രമല്ല ഒരു മകളായും സഹോദരിയായും ഒരു അധ്യാപകനായും തനിക്കൊപ്പം ചേർന്നു. എളിമയുടെ നിറകുടമായ അദ്ദേഹം ഏറെ സംസാരപ്രിയനും ഭക്ഷണപ്രിയനും ജയിൽ വകുപ്പിനോട് എന്തുകൊണ്ടും ഇണങ്ങിച്ചേർന്ന് വ്യക്തിയായിരുന്നു. ഡോക്ടർ കുറിച്ചു നൽകിയ മരുന്നുകൾ ഞാൻ ഡിസ്പെൻസ് ചെയ്യുമ്പോൾ മാഡം ഇതൊക്കെ കഴിച്ചാൽ എൻറെ അസുഖം മാറുമോ? എന്ന പുച്ഛത്തോടെ ചോദിക്കുന്ന അന്തേവാസികളോട് മരുന്ന് കഴിച്ചാൽ മാറും എന്ന് എന്റെ ഒറ്റ ഡയലോഗ് പിന്നീട് ഡോക്ടറു ടെയും ഡിസ്പെൻസറിയിലെയും ആപ്തവാക്യ മായി. എത്ര വില കൂടിയതും ക്വാളിറ്റിയുള്ള മരു ന്നുകൾ നൽകിയാലും തൃപ്തരല്ലാത്ത ഒരു ജനവിഭാഗം. കൂട്ടിൽ അകപ്പെട്ട കിളികൾക്ക് എന്തു കൊടുത്താലും അവയെ പറത്തിവിടു മ്പോൾ കിട്ടുന്ന സ്വാതന്ത്ര്യം പോലെ ആകി ല്ലല്ലോ. നാളുകൾ കടന്നുപോയി ജയിലിലെ അന്തരീക്ഷം മോശമായി ആദ്യമൊക്കെ ഡിസ് പെൻസറിക്ക് പെയ്യുന്ന മഴകൾക്കും മണ്ണിൻറെ മണത്തിനും ജോൺസൺ മാഷിൻറെ മഴ കട്ടൻ ചായ പോലെയായിരുന്നു. പിന്നീട് അവയോട് എല്ലാം ഒരു വിരസത തോന്നിത്തുടങ്ങി. ഒരു നവം ബർ മാസത്തിൽ ജയിലിനെയും കേരളജന തയും ഞെട്ടിച്ചുകൊണ്ടുള്ള ജയിൽ കലാപം നടന്നു. മതിയായ ജീവനക്കാരില്ലാതെ ഓടുന്ന വണ്ടിയിൽ തൊട്ടടുത്തുള്ള ജയിലിൽ ഉദ്യോഗ സ്ഥരെ വിളിച്ചുവരുത്തിയാണ് അന്നത്തെ സൂപ്രണ്ട് കലാപത്തെ നേരിട്ടത്. അതിനുശേഷം മഴവെള്ളപ്പാച്ചിൽ പോലെ ഗുണ്ടാ കാപ്പ വാസി കളെ കൊണ്ട് ജയിൽ നിറഞ്ഞതും മാവോയിസ്റ്റും ഹൈ പ്രൊഫൈലും റിമാൻഡ് തടവുകാരും ശിക്ഷ തടവുകാരും കൂടി ഒരു അവിയൽ പരു വമായി. എല്ലാവരുടെയും മെഡിക്കൽ ആവശ്യ ങ്ങൾ വ്യത്യസ്തമായിരുന്നു. അന്തേവാസികൾ കാപ്പ വിട്ടു പോകുന്നതിനു മുൻപ് ഡിസ്പെൻ സറിയിൽ മരുന്നുകൾ വാങ്ങാൻ വരുന്നേരം എന്നിലെ പഴയ അധ്യാപിക സടകുടഞ്ഞ് എഴു ന്നേൽക്കും ഉപദേശത്തിന്റെ ഒരു മഞ്ഞു മഴ തന്നെ ഞാൻ അഞ്ചാറു മരുന്നുകൾ നൽകു മ്പോൾ പെയ്യും. ശരി മാഡം ഇനി അങ്ങനെ തെറ്റൊന്നും ചെയ്യില്ല എന്നു പറഞ്ഞ് ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്ന അതേ തടവുകാർ വീണ്ടും ശിക്ഷിക്കപ്പെട്ട് എന്റെ ഫാർമസിയിൽഎത്തുന്ന നേരം എന്നിലെ നാഗവല്ലി ഉയർത്തെഴു ന്നേൽക്കും. ഒരിക്കൽ ഒരു ഗുണ്ടാ നേതാവിനോട് ഇയാളെ ഒക്കെ ആരാടോ ഗുണ്ടാ എന്ന് വിളിച്ചത് എന്ന് എന്റെ ചോദ്യംഅവന്റെ ജീവിതത്തിൽ നേരിട്ട് ഏറ്റവും വലിയ നാണക്കേട് വേറെയില്ല എന്ന് തോന്നുന്നു. എന്റെ അറിവില്ലായ്മ ആ ഗുണ്ടാ നേതാവ് ഒരു ചെറുപുഞ്ചിരിയിൽ ഒതുക്കി ഡിസ്പെൻസറി വിട്ടു. ഒഎസ്ടി മെഡിസിനും മിസ്റ്റർ എക്സ്പെക്ട് ഓറന്റും കാർമിനേറ്റ് മിസ്റ്ററും സൈക്കാട്രി മരുന്നുകളും എന്റെ ഉറക്കം കെടു ത്തിക്കൊണ്ടിരിക്കുന്ന നാലു മരുന്നുകൾ ആയി രുന്നു. ഡൈലൂഷൻറെ പലപല വേർഷനുകളും പരീക്ഷിച്ച ഒരു മരുന്നായിരുന്നു മിച്ചർ എക് സ്പെക്ടറേറ്റ് ആയവ നിർത്തലാക്കിയപ്പോൾ എന്റെ മനസ്സിൽ ഒരായിരം ലഡ്ഡു പൊട്ടിയത് അന്തേവാസികൾ അറിയാഞ്ഞത് എന്റെ ഭാഗ്യം. ക്ലോണയുടെയും ലോറയുടെയും കളറുകൾ മാറുമ്പോൾ ഒരുപാട് തവണ ഞാൻ കെഎം സിലിനെ വീട്ടിലിരുന്നു കൊണ്ട് പഴി പറയാ റുണ്ട്. ഓരോ മരുന്നിന്റെയും കളറും വലുപ്പവും സെൻറീമീറ്റർ മാറുമ്പോൾ, ഇത് എന്റെ മെഡി സിനല്ല എൻറെ മെഡിസിൻ ഇങ്ങനെയല്ല എന്നു ള്ള സൈക്യാട്രിക് പ്രിസണർ രോദനത്തിനു മുൻപിൽ പകച്ചു നിൽക്കുന്ന ജയിൽ ഉദ്യോഗ സ്ഥരുടെ രാത്രി പത്തുമണിക്ക് ഉള്ളിൽ എത്തുന്ന ഫോൺവിളികൾ ഒരു പരിധിവരെ കുടുംബാന്ത രീക്ഷവും താറുമാറാക്കി തുടങ്ങി. ഫാർമസിയും ഫാർമസി ദിനാഘോഷങ്ങളും ഫാർമസി സ്സുഹൃ ത്തുക്കളുടെ സ്റ്റാറ്റസുകളിൽ നിറയുമ്പോൾ ഇതെല്ലാം അന്യം നിന്ന ഒരു ജീവിവർഗമായി മാറി ജയിൽ ഫാർമസിസ്റ്റുകൾ. മൊബൈൽ ഫോണിന്റെ അതിപ്രസരണം ഉള്ള ഇക്കാലത്ത് ജയിലിനകത്തേക്ക് മൊബൈൽ പോലും കൊണ്ടുപോകാൻ സാധിക്കാതെ ഡ്യൂട്ടി എടുക്കുന്ന വേളയിൽ പലപല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്.

ശിക്ഷാതടവുകാരാണെങ്കിൽ ഒരു ജീവ പര്യന്തം ശിക്ഷ കഴിഞ്ഞു. റിമാൻഡ് ആയാൽ ഇടക്കാല ജാമ്യവും കാപ്പ കരുതൽ തടങ്കലിൽ കഴിയുന്ന ഗുണ്ടാ നേതാക്കൾ കാപ്പ പൊട്ടിയും ജയിൽ മോചിതരാകുമ്പോൾ കുറ്റവാളി അല്ലാത്ത എന്റെ ജയിൽ മോചനം മറ്റൊരു നല്ലവരായ ഫാർമസിസ്റ്റ് സുഹൃത്തിന്റ തൂലികത്തുമ്പിൽ ആണെന്ന് തിരിച്ചറിവിൽ ഇന്നും അതീവ സുരക്ഷയിലെ ഫാർമസിസ്റ്റ് ആയി തുടരുന്നു.

വ്യക്തിവിശേഷം

**മനോജ് തൈത്തറ**
എഡിറ്റർ



# കെ. പവിത്രൻ

**കോ**ഴിക്കോട് മെഡിക്കൽ കോളേജിൽ പഠിക്കുന്ന കാലത്ത് തന്നെ സ്റ്റുഡൻറ് ഫാർമസിസ്റ്റുകൾക്ക് ഒരു സംഘടന വേണം എന്ന് ആവശ്യം ഉയർത്തി നടന്ന ഒരാൾ.

അങ്ങനെ ഒരു സംഘടന സ്വന്തം ഉദ്യമത്തിൽ ഉണ്ടാക്കിയ ഒരാൾ... എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകി മെഡിക്കൽ ഷോപ്പിലെ സെയിൽസ്മാൻമാർക്ക് ഫാർമസിസ്റ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനെതിരെ സമരമുഖത്ത് നിറഞ്ഞു നിന്നവ്യക്തിത്വം.

അതിനെതിരെ കോഴിക്കോട് ബസ് സ്റ്റാൻഡിൽ നോട്ടീസ് പതിപ്പിച്ച് ജനശ്രദ്ധ ഏറ്റുവാങ്ങിയ യൗവനകാല സമര പോരാട്ടങ്ങൾ.

എം.എൻ.വി.ജി അടിയോടി സാറിനെ നേരിൽ പോയി കണ്ടു സംഘടനാ താല്പര്യം അറിയിച്ചതിനാൽ അദ്ദേഹം നൽകിയ കത്തുമായി അന്നത്തെ കെജിപിയെ കണ്ണൂർ ഭാരവാഹികളെ പോയി കണ്ടു സംസാരിച്ച് അന്ന് തന്നെ മറ്റു സമരപരിപാടികൾക്ക് അഭിവാദ്യം അർപ്പിക്കാൻ നിയോഗിക്കപ്പെട്ട ഒരാൾ..

സമാരാധ്യനായ വത്സരാജിനൊപ്പം അൺ എംപ്ലോയിഡ് ഫാർമസിസ്റ്റ് സംഘടനയ്ക്ക് രൂപംകൊടുത്ത ഒരാൾ.

ആദ്യ ബ്രാഞ്ച് സമ്മേളനത്തിൽ തന്നെ ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെട്ട ഒരാൾ മൂന്നാമത്തെ സ്റ്റേറ്റ് സമ്മേളനത്തിൽ കൗൺസിൽ അംഗവും നാലാമത്തെതിൽ സ്റ്റേറ്റ് കമ്മിറ്റി മെമ്പറുമായി ഉയർത്തപ്പെട്ട ഒരാൾ.....

എല്ലാ സംസ്ഥാന സമ്മേളനങ്ങൾക്കും ഐക്യത്തോടെ ഭാരവാഹികളെ തിരഞ്ഞെടുക്കാനായി പാനൽ ഉണ്ടാക്കി നൽകാൻ നിയോഗിക്കപ്പെട്ട നേതാവ്....

സാമൂഹിക വിഷയങ്ങളിൽ കഥകളും കവിതകളും എഴുതി നടന്ന സർവീസ് ജീവിതത്തിന്റെ ക്രിയാത്മക ഘട്ടം പിന്നിട്ട ഒരാൾ.

പെയിംഗ് ഫാർമസി എന്ന ആശയത്തിൽ HDC ഫണ്ട് ഉപയോഗിച്ച് കണ്ണൂരിൽ ആദ്യ ഫാർമസി സ്ഥാപിക്കുന്നതിന് നിർണായക പങ്കു വഹിച്ച ആദ്യ ഫാർമസിസ്റ്റ്....

അതെ കെ.പവിത്രൻ എന്നാണ് അദ്ദേഹത്തിന്റെ പേര് 32 വർഷം നീണ്ടുന്ന സർവീസ് ജീവിതത്തിൽ 28 വർഷവും സംഘടനയെ സംസ്ഥാനതലത്തിൽ പല സ്ഥാനങ്ങളിൽ ഇരുന്ന് നയിച്ച ഒരാൾ ഇന്ന് 72-ാ മത്തെ വയസ്സിൽ കണ്ണൂർ നഗരത്തിനോട് ചേർന്ന് 'രാമ തെരു'വിലെ വീട്ടി

ലിരുന്ന് സംസാരിച്ചു. കഴിഞ്ഞ കാലത്തെക്കുറിച്ച്.... ഏറ്റെടുത്ത കർമ്മപഥങ്ങളിൽ നിന്ന് സഞ്ചരിച്ചതിനെ പറ്റി,,,, സമരമുഖങ്ങളിൽ പതറാതെ നിന്നു പോരാടിയ ചരിത്രത്തെ പറ്റി.

**1. കെ.ജി.പി .എ യിലേക്ക് വരാനുള്ള കാരണം എന്താണ് ..?**

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസിക്ക് പഠിക്കുമ്പോൾ തന്നെ സംഘടന പ്രവർത്തനം എന്നതിനെ കുറിച്ച് ഒരു ധാരണ എനിക്കുണ്ടായിരുന്നു അന്ന് സ്റ്റുഡൻറ് ഫാർമസിസ്റ്റ് സംഘടന രൂപീകരിച്ച ശ്രദ്ധിക്കപ്പെട്ടു തുടർന്ന് ട്രെയിനിങ് പിരിഡിൽ അടിയോടി സാറിനെ കാണുകയും വൽസരാജിനെ പോലുള്ളവരുമായി ഇടപെടുകയും ചെയ്ത ഒരു കാലഘട്ടം എന്നിൽ സംഘടനാ വികാരം... ഉണ്ടാക്കിയെടുത്തു.

**2. ആദ്യകാല സംഘടന പ്രവർത്തനങ്ങൾ എന്താണ് ..?**

AKUDPHA എന്ന സംഘടന രൂപീകരണത്തിൽ വലിയ പങ്കു വഹിച്ചു മത്സരാജ് ഗോവിന്ദ രാജ്, സ്റ്റാലിൻ എന്നിവർക്കൊപ്പം സംഘടനാ പ്രവർത്തനങ്ങൾ നടത്തി വീട്ടിൽ നിന്നിറങ്ങി തോൾസഞ്ചിയും തൂക്കി കേരളം മുഴുവൻ ഓടി നടന്നാണ് സംഘടനാ വളർത്തിയത്,,,, തുടർന്ന് കെജിപിഎ അനുഭാവി ആവുകയും അടിയോടി സാറിന്റ കത്ത് ഏറ്റുവാങ്ങി കണ്ണൂർ ജില്ലാ സെക്രട്ടറിക്ക് കത്ത് കൈമാറി മുഴുവൻ സമയ കെജിപിയെ പ്രവർത്തകനായി ചുമതലയേറ്റു.

**3. ഏറ്റെടുത്ത ചുമതലകളെ പറ്റി പറയാമോ...?**

മെമ്പർഷിപ്പ് എടുത്ത് ആദ്യ അഞ്ചു വർഷത്തിനകം തന്നെ സ്റ്റേറ്റ് കൗൺസിൽ മെമ്പറും സംസ്ഥാന കമ്മിറ്റി അംഗവുമായി മാറി. കണ്ണൂർ ജില്ലാ പ്രസിഡണ്ട് സെക്രട്ടറി സ്ഥാനങ്ങൾ നിരവധി വർഷങ്ങളിൽ വഹിച്ചു. സംസ്ഥാന കമ്മിറ്റി മെമ്പറായി ഇരിക്കുമ്പോൾ സ്റ്റേറ്റ് വൈസ് പ്രസിഡണ്ടായി 87 മുതൽ 2002 വരെ ഫാർമസി ബുള്ളറ്റ് എഡിറ്ററായി. പണ്ട് എഡിറ്റർ തസ്തിക സ്റ്റേറ്റ് ജന:സെക്രട്ടറി തന്നെ ആണ് വഹിച്ചിരുന്നത്. അന്നൊക്കെ സ്റ്റേറ്റ് കമ്മിറ്റിയിൽ നിന്നു തന്നെയാണ് എഡിറ്റർ, ഓഫീസ് സെക്രട്ടറി ഭാരവാഹികളെ നിയോഗിച്ചിരുന്നത്,

**4.കെജിപിഎ യിൽ പ്രവർത്തിക്കുമ്പോൾ രാഷ്ട്രീയ പകപോക്കൽ നേരിട്ടിട്ടുണ്ടോ ...?**

ഇല്ല അങ്ങനെയാരും എന്റെ സംഘടനാ പ്രവർത്തനങ്ങളിൽ ഇടപെട്ടിട്ടില്ല. അടിയോടി സാറും വത്സരാജിനൊപ്പവും നടക്കുന്ന കാലത്ത് കെജിപിഎ പ്രവർത്തനങ്ങളിൽ മറ്റ് രാഷ്ട്രീയ ഇടപെടലുകൾ ഒന്നും വിലപ്പോയിരുന്നില്ല.

**5. സംഘടനാ പ്രവർത്തനത്തിൽ മാർഗ്ഗദർശികൾ ആരൊക്കെയായിരുന്നു..?**

കണ്ണൂർ ജില്ലയിലെ നേതാക്കൾ ആയിരുന്നു മാർഗദർശികൾ. വെള്ളച്ചാൽ നാരായണൻ എം സദാനന്ദൻ എസ് ഗോപാലൻ എന്നിവർ നൽകിയ നിർദ്ദേശങ്ങൾ പിന്തുണ ഒക്കെ എടുത്തു പറയണം. വത്സരാജ് ആവശ്യപ്പെട്ടിട്ടാണ് എഡിറ്റർ സ്ഥാനം സ്വീകരിച്ചത് അടിയോടി സാറിന്റെ ഒരു ഫാൻ ആയിരുന്നു. അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചത് വലിയ അനുഭവമാണ് ഒപ്പം വത്സരാജിന്റെ ചുറുചുറുക്ക് വല്ലാതെ അമ്പരിപ്പിച്ചിട്ടുണ്ട്. അകാലത്തിലുള്ള അദ്ദേഹത്തിന്റെ മരണം ഒരു വലിയ ആഘാതം ആയിരുന്നു എനിക്ക്.

**6.സമരപരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തിച്ചത് ഓർക്കാമോ ...?**

കെജിപിഎ യിൽ വരുന്നതിനു മുന്നേ നിരവധി സമരപരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. 1985 പോസ്റ്റ് ക്രിയേഷൻ സമരം നടത്തി സെക്രട്ടേറിയേറ്റിന് മുമ്പിൽ പിക്കറ്റിങ് ചെയ്തു അതിനെ തുടർന്നാണ് ADPS, S.S.V.O തസ്തികകളും 200 ബെഡ്ഡിന് മേലെയുള്ള സ്ഥാപനങ്ങളിൽ സൂപ്രണ്ട് തസ്തികകൾ അനുവദിച്ചു കിട്ടിയതും. 2004 ൽ ജില്ലാ മെഡിക്കൽ സ്റ്റോറുകൾ അടച്ചു പൂട്ടുന്നതിനെതിരെ നടത്തിയ വാഹന ജാഥയിൽ വൈസ് ക്യാപ്റ്റൻ ആയിരുന്നു. ആ സമരം മൂലം 14 ജില്ലകളിലും സൂപ്രണ്ട് തസ്തിക സംരക്ഷിച്ചു നിർത്താനായി. 2002ലെ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചതിനെതിരെ 32 ദിവസം നീണ്ടുനിന്ന സമരത്തിൽ സജീവമായിരുന്നു. അതിൽ പ്രകാരം വത്സരാജിനെ ESMA പ്രകാരം അറസ്റ്റ് ചെയ്തു.

### 7. ഫാർമസി ബുള്ളറ്റിൻ ചരിത്രം പറയാമോ....?

1974ലാണ് സംഘടനയ്ക്ക് ഔദ്യോഗികമായി ഒരു പ്രസിദ്ധീകരണം വേണം എന്ന് ആവശ്യം ഉയർന്നുവന്നത് ....87 മുതൽ 15വർഷം ബുള്ളറ്റ് എഡിറ്റർ സ്ഥാനം വഹിച്ചു എന്റെ മുൻഗാമി കളായ സത്യൻ, രാമചന്ദ്രൻ നായർ കെ. പി. വർക്കി, ബി. ഗോപിനാഥൻ നായർ, പി. എം. ഭരത് കുമാർ, പി. ജനാർദ്ദനൻ നായർ, പി. എം ഐപ്പ്, കെ. രാജേന്ദ്രൻ, പി. വി. വിജയൻ, കെ. ഗോവിന്ദ് രാജ് തുടങ്ങിയവരെ ഓർക്കുന്നു. അന്ന് രണ്ടു മാസം കൂടുമ്പോൾ കൃത്യമായി ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചിരുന്നു. കൃത്യമായ ഇടവേളകളിൽ പിന്നീട് ആർക്കും പ്രസിദ്ധീകരിക്കാൻ സാധിച്ചി ട്ടുമില്ല. എന്റെ കാലത്ത് കണ്ണൂർ കോപ്പറേറ്റീവ് പ്രസ്സിൽ നിന്ന് കൃത്യമായിട്ടാണ് ഇറക്കിയിരു ന്നത്. സാമൂഹിക വിഷയങ്ങളെക്കുറിച്ച് അതിൽ ഫാർമസിസ്റ്റ്, മരുന്ന് എന്നിവ സംബന്ധിച്ച് ലേഖനങ്ങൾ ഉൾ പ്പെടുത്തിയിരുന്നു എനിക്ക് ശേഷം ഗണേശൻ ആചാരി, മോസസ്, രാജേന്ദ്രൻ തുടങ്ങിയവർ സ്ഥാനംവഹിച്ചതായി ഓർ ക്കുന്നു.

### 8.ഫാർമസിസ്റ്റ് കുടുംബമാണ് സാറിന് വിശദീകരിക്കാമോ?

ഞങ്ങൾ രണ്ടുപേരും ഫാർമസിസ്റ്റുകൾ ആയിരുന്നു. പിഎസ്കെ ആയിട്ടാണ് ഞാനും ഭാര്യയും റിട്ടയർ ചെയ്തത്. 32 വർഷം നീണ്ടു നിന്ന സർവീസ് അക്കാലത്ത് പ്രൊമോഷൻ ഒക്കെ വളരെ വൈകി നടക്കുന്ന ഒരു കാലഘട്ട മാണ്. ഇന്ന് 32 വർഷം എന്ന് പറയുമ്പോൾ എ. ഡി.പി.എസ്. വരെ ആകാൻ പറ്റും എന്ന് തോന്നു ന്നു. ഭാര്യ കല്യാണി, മകൻ സുസ്മിത് നിലവിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഫാർമസിസ്റ്റ് ആണ്

### 9. പുതിയ സംഘടന പ്രവർത്തകരോട് / ഫാർമസിസ്റ്റുകളോട് എന്താണ് പറയാൻ ഉള്ളത്...?

ഞങ്ങളുടെ കാലത്ത് ഓരോ ഫാർമസിസ്റ്റു കളെയും കണ്ട് സംസാരിച്ചു വ്യക്തിബന്ധങ്ങൾ വിളക്കിചേർത്ത് ആണ് കെജിപിയെ മുന്നോട്ടു നയിച്ചത്. എല്ലാവരും സാമൂഹിക വീക്ഷണത്തോ ടെ സ്ഥാപനങ്ങളിലെ എല്ലാ പ്രശ്നങ്ങളിലും ഇടപെടണം. ഫാർമസിസ്റ്റ് അപ്പുറം ജനകീയ വിഷയങ്ങളും മറ്റു പൊതു വിഷയങ്ങളും ഏറ്റെടു ക്കണം. ദീർഘവീക്ഷണത്തോടെ ഇടപെടുന്ന ഒരാളായി ഫാർമസിസ്റ്റ് മുന്നിൽ നിൽക്കണം. പഴയകാലത്തെ കെ ജി പി എ. സംസ്ഥാന കമ്മിറ്റി മീറ്റിംഗ് എന്നാൽ രാവിലെ മുതൽ നേരം പുലരും വരെ ചർച്ചകൾ ചെയ്യും. നിർദേശങ്ങൾ ഉണ്ടാകും. അങ്ങനെയൊക്കെയാണ് മുന്നോട്ടു പോയിരുന്നത് സജീവമായ ചർച്ചകൾ... നിർദ്ദേശ ങ്ങളും:.. സംഘടനയ്ക്ക് അക്കാലത്ത് വലിയ ദിശാബോധം നൽകി എന്ന് തോന്നുന്നു. 2002ൽ കണ്ണൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ 47 ഓളം സംഘടനകളെ സജീവമായ കൂട്ടായ്മയിൽ നിർത്തിയാണ് അതിന്റെ ജനറൽ കൺവീനർ സ്ഥാനം ഞാൻ വഹിച്ചത്. സിഐടിയു, DYFI ഒക്കെ അതിൽ അംഗങ്ങൾ ആയിരുന്നു. ഇന്ന തൊക്കെ സാധിക്കുമോ..? വത്സരാജിന്റെ മരണ മായിരുന്നു സംഘടനാ പ്രവർത്തനങ്ങളിൽ വെച്ച് ഏറ്റവും വിഷമം ഉണ്ടാക്കിയ, നടുക്കം ഉണ്ടാ ക്കിയ ഒരു ഓർമ്മ.

കലാ-സാഹിത്യ ബോധത്തോടെ നീണ്ട 32 വർഷം സംഘടനയ്ക്കൊപ്പം നടന്നു. ഫാർമസി സ്റ്റുകളുടെ എല്ലാവിധ നേട്ടങ്ങൾക്കുപിന്നിലും പ്രവർത്തിച്ച സാർ സംഭാഷണം നിർത്തി എഴു ന്നേറ്റു. സംഘടന നേടിത്തന്ന വലിയ സുഖ ങ്ങൾക്ക് നടുവിലൂടെ നടക്കുമ്പോൾ പഴയകാ ലത്തെ നേതാക്കളുടെ പോരാട്ടങ്ങൾക്ക് നന്ദി പറയേണ്ടതുണ്ട്. അവരിൽ നിന്നും പഠിക്കേണ്ട പാഠങ്ങൾ വളരെ വലുതാണ്. സംഘടന കൊണ്ട് എന്ത് നേട്ടം എന്ന ചിലരുടെ ചോദ്യകൾക്ക് മുന്നി ലേക്ക് സ്വന്തം ജീവിതം കുടഞ്ഞിടുന്നു, പവിത്രൻ സർ.

പഠിക്കാനും മനസിലാക്കുവാനും ഏറെ യുണ്ട്. ഇതിൽ.




സർവ്വീസ് സംബന്ധമായ
ഉത്തരവുകൾക്ക് സന്ദർശിക്കുക
**www.kgpa.co.in**

കഥ


**ശുഭ എൻ.**
സ്റ്റോർ സൂപ്രണ്ട്
S.A.T. ആശുപത്രി,
തിരുവനന്തപുരം




# മറന്നുപോയൊരു വാഗ്ദാനം



അനന്തൂട്ട്യേ.....

ഈ കുട്ടി ഇവിടെ എന്താണെടുക്കാ...?

അകത്തെ വാതിലിൽ നിന്നും കോലോത്തെ പൂമുഖത്തിണ്ണയിലേക്കു വന്ന അമ്മയുടെ ഒച്ച അനന്തുവിനെ അനന്ത സ്മൃതിയിൽ നിന്നും ഉണർത്തി...

ചായ കുടി കുട്ട്യേ.....

അമ്മയുടെ കയ്യിൽ നിന്നും ചായക്കപ്പ് വാങ്ങി തുള്ളി തുള്ളിയായി മോന്തികുടിക്കുന്നതിനിടയിൽ വീണ്ടും ചിന്തകൾ തൊടിയിലെക്കിറങ്ങി...

കോലോത്തിന് പുറത്ത് അടയ്ക്കാ മരങ്ങൾക്കിടയിൽ കൂടി ഒരു ചെമ്മൺപാത....

തന്റെ ബാല്യകാല കർമ്മ പരിപാടികൾക്കിടയിൽ

കളിക്കൂട്ടുകാരായി സമപ്രായക്കാരില്ലായിരുന്ന തനിക്കാകെയുള്ളത് തന്നേക്കാൾ അഞ്ചാറ് ഓണം മുൻപേ ഉണ്ടതാണെന്ന് വീമ്പ് പറയുന്ന കാവ്യേച്ചി മാത്രം....

കൂടപ്പിറപ്പുകൾ ഇല്ലാത്ത തന്റെ ഉടപ്പിറന്നോൾ....

കുഞ്ഞുന്നാൾ മുതൽ കാണാൻ തുടങ്ങിയതും കേൾക്കാൻ തുടങ്ങിയതും പാവാടത്തുമ്പിൽ പിടിച്ചു ഓടാൻ തുടങ്ങിയതുമെല്ലാം കാവ്യേച്ചിക്കൊപ്പമായിരുന്നു.

തന്നെ ഉണ്ണീന്നല്ലാതെ ഒന്നും വിളിക്കില്യാ...... കാവ്യേച്ചിയ്ക്കൊപ്പമാണ് എന്നും താൻ സ്കൂളിൽ പോകുക....

പോകുന്നതോ കാവ്യേച്ചിയുടെ കൊച്ചു സൈക്കിളിൽ....! അന്നത്തെ കാലത്ത് പെൺകുട്ടികൾ സൈക്കിൾ ചവിട്ടാറില്ല. എങ്കിലും കാവ്യേച്ചി അച്ഛനെ കൊണ്ട് ഒരു സൈക്കിൾ വാങ്ങിപ്പിച്ചു

ഉണ്ണിയെ വെച്ച് സൈക്കിൾ ഓടിക്കുമ്പോൾ കോലോത്ത് പറയുന്നതോ, കോലോത്തെ തമ്പ്രാട്ടീന്നാ കാവ്യേടെ ഭാവം....ന്ന്.... !

ഏതു ഭാവമായാലും കാവ്യേച്ചിയുടെ മുന്നിൽ എല്ലാം നിഷ്പ്രഭം....

അടയ്ക്കാ മരങ്ങൾക്കിടയിലൂടെ, ചെമ്മൺ പാതയിലൂടെ,

കാവ്യേച്ചീടെ സൈക്കിളിന്റെ പുറകിലെ സീറ്റിൽ ഇരുന്നുള്ള യാത്ര – കുതിരപ്പുറത്തു രാജകുമാരൻ ഇരിക്കുന്ന സന്തോഷത്തോടെയായിരുന്നു ...!

ഒരു ദിവസം പെട്ടെന്ന് പെയ്ത ഒരു മഴയിൽ തന്റെ പുസ്തകങ്ങൾ നനയാതിരിക്കാൻ ശ്രമിക്കുന്ന കാവ്യേച്ചിയിൽ നിന്നും സൈക്കിൾ വാങ്ങി വശങ്ങളിൽ കൂടി കാലിട്ട് ചവിട്ടി അനന്തു സൈക്കിൾ ഓടിക്കാൻ തുടങ്ങി. കാവ്യേച്ചി കാണാതെ സൈക്കിൾ ഓടിച്ച ഒരു ചെറിയ ഓർമ്മയെ ഉള്ളൂ..

ഉണ്ണീ......അവിടെ നിൽക്ക്....

കാവ്യേടെ വിളിയൊന്നും ഉണ്ണി കേട്ടില്ല ....

ചെമ്മൺ പാതയിൽ മഴവെള്ളത്തിലൂടെ ഉണ്ണിയുടെ സൈക്കിൾ പായുന്നു.... പിറകിലൂടെ ഉണ്ണീന്നു വിളിച്ച് ഓടിത്തളർന്ന് കാവ്യേച്ചിയും...

ഒടുവിലതാ.... മഴവെള്ളപ്പാച്ചിലിൽ വീണു കിടന്ന ഒരു അടയ്ക്കാ മരത്തിൽ തട്ടി ഉണ്ണിയും സൈക്കിളും ...ഡിം...! ഉണ്ണിക്ക് കാര്യമായ പരിക്കുകൾ ഇല്ലായിരുന്നു... എന്നാൽ കാവ്യേച്ചിയുടെ സൈക്കിളോ.... തവിടുപൊടിയായി.

ഗദ്ഗദത്തോടെ കാവ്യേച്ചി ഉരുവിട്ടു...

സാരല്യ ...എന്റെ ഉണ്ണിക്ക് ഒന്നും പറ്റിയില്ലല്ലോ...

കാവ്യേച്ചി...ന്റെ കാവ്യേച്ചിയുടെ സൈക്കിൾ... ഞാനേങ്ങി ....!

'പഠിച്ചു മിടുക്കനായി ജോലി കിട്ടിയിട്ട് എന്റെ കാവ്യേച്ചിക്ക് ഇതിനേക്കാൾ നല്ലൊരു സൈക്കിൾ ഞാൻ വാങ്ങി തരും '

കുഴപ്പമില്യ ഉണ്ണ്യേ.... നീ സുഖമായിരുന്നാൽ മതി...

കാവ്യേച്ചീടെ സാന്ത്വന വാക്കുകൾ....!

'അനന്തമജ്ഞാതം അവർണ്ണനീയം....'സ്കൂളിൽ പഠിച്ച കവിതാശകലം ഓർത്തു അനന്തു ഓർമ്മകളിലൂടെ മുന്നോട്ട് നീങ്ങി.

ഇന്നു താൻ ഡൽഹിയിൽ എൻജിനീയറിങ് മേഖലയിൽ ജോലി ചെയ്യുന്നു അവധിക്കു നാട്ടിൽ എത്തുമ്പോൾ വർഷങ്ങളുടെ ഇടവേളകൾ സമ്മാനിച്ചത് നഷ്ടപ്പെടലുകൾ മാത്രം .

ഇന്നു തന്റെ കാവ്യേച്ചി കോലോത്തിനടുത്തില്ല വളർന്നു വലുതായിട്ട് വാങ്ങിക്കൊടുക്കാമെന്നേറ്റ സൈക്കിൾ വാങ്ങി കൊടുക്കാനൊട്ടു കഴിഞ്ഞിട്ടുമില്ല. മറന്നുപോയൊരു വാഗ്ദാനമായി, മനസ്സിലൊരു നൊമ്പരപ്പാടായി ഇന്നുമത് തന്നിലവശേഷിക്കുന്നു.

**കവിത**



**ഉമൈറ**
ഫാർമസിസ്റ്റ്,
FHC, ആവോലി

## ജീവിതം തന്നേ ലഹരി, ലഹരിയല്ല ജീവിതം

**കാത്തു കാത്തിരുന്നു
കിട്ടിയൊരു കണ്മണി,
കൈകൾ നോവാതമ്മ
കുഞ്ഞിന് വേണ്ടതെല്ലാം
കൈവെള്ളയിൽ കൊടുത്തു.
കാലുകൾ ഇടാറാതെയപ്പൻ
കൂട്ട് പോന്നു കൗമാരദൂരം വരേയ്ക്കും.**

**കൂട്ട് തേടിയെത്തിയതെല്ലാം
കുഞ്ഞുകിളികൾ തന്നെയെന്ന് നിനച്ചു.
കൂട്ടം തെറ്റി പറന്നതറിഞ്ഞില്ല,
ഒടുവിൽ കൂട്ടരോടൊപ്പം വഴി തെറ്റിയതുമറിഞ്ഞില്ല.**

**കീശ നിറഞ്ഞും കാശ് ചൊരിഞ്ഞും
കാര്യമെന്തെന്നൊരുവട്ടം പോലും
തിരക്കാതെയും പിന്നെയുമാ
പുത്രന്റെ ആവശ്യങ്ങളെന്ന് ചൊല്ലി പണമൊഴുക്കി.**

**അമ്മയെ നോക്കിയ കണ്ണുകളിൽ
ഉള്ളിൽ നുരയുന്ന ലഹരിയുടെ
ചുമപ്പ് പടർന്നു, അമ്മയെന്ന് മറന്നു.
തടുക്കാൻ ഓടിയെത്തിയ അപ്പന്റെ**

**ഇടം കയ്യെയും ചേർത്തു കത്തിയൊന്നുയർന്നു,
ചുടുചോരയേക്കാൾ കനത്തിൽ
കണ്ണീർ കലർന്നു.**

**ആവശ്യങ്ങൾ അനാവശ്യങ്ങളാകുന്നതും
സൗഹൃദങ്ങൾ സാത്താന്റെ സേവ ചെയ്യുന്നതു
മറിഞ്ഞിരുന്നെങ്കിൽ,
സിരകളിൽ ലഹരി പടരും മുൻപേ
സ്നേഹത്തിന്റെ ലഹരി അവനെ
അറിയിച്ചിരുന്നെങ്കിൽ!**

# നിവേദനങ്ങൾ

1. ഉപയോഗം നിർത്തിവച്ച കാർമിനേറ്റിവ് & എക്സ്പെറ്റോറന്റ് സ്ഥാപനത്തിൽ നിന്ന് തിരിച്ചെടുക്കുമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ കെ.എം.എസ്.സി.എൽ എന്നിവർക്ക് നിവേദനം നൽകി.
2. പരിയാരം മെഡിക്കൽ കോളേജിൽ ഫാർമസിസ്റ്റുമാരുടെ ശമ്പള സെക് യിലിൽ വന്ന അപകാത, പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡി.എം.ഇ എന്നിവർക്ക് നിവേദനം നൽകി.
3. ഫാർമസി വിഭാഗത്തിന്റെ വിവിധ വിഷയങ്ങൾ ചർച്ച നടത്തുന്നതിന് സമയം അനുവദിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർക്ക് കത്ത് നൽകി.
4. സർക്കാർ ജീവനക്കാരുടെ പഠനാവധി സംബന്ധിച്ച് സർക്കാർ നടത്തിയ ചർച്ചയിൽ പങ്കെടുക്കുകയും, സംഘടനയുടെ അഭിപ്രായം എഴുതി അറിയിക്കുകയും ചെയ്തു.
5. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റോർ വെരിഫിക്കേഷൻ ടീം രൂപീകരണം ആവശ്യം ഉന്നയിച്ചു.
6. ആരോഗ്യ വകുപ്പിൽ പ്രമോഷൻ നടത്തുന്നതിൽ ഉണ്ടാകുന്ന കാലതാമസം കാണിച്ച് പ്രമോഷൻ നടക്കുമ്പോൾ മുൻകാല പ്രാബല്യം അനുവദിക്കുന്നമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകി.
7. സർവ്വീസ് ചട്ടങ്ങൾ അവഗണിച്ച് ഗ്രേഡ് – 2 ഫാർമസിസ്റ്റിന് സീനിയോറിറ്റി നൽകിയ ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടിക്കെതിരെ ആരോഗ്യ വകുപ്പ് സെക്രട്ടറിയ്ക്ക് പരാതി നൽകി.
8. യു.ഡി.എഫ് ഹെൽത്ത് കമ്മീഷന് ഫാർമസി മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ , പുതിയ തസ്തികകളുടെ അനിവാര്യത സംബന്ധിച്ച് വിശദമായി നിവേദനം നൽകി.
9. സർക്കാർ ജീവനക്കാരുടെ പ്രവൃത്തി ദിവസം 5 ദിവസമാക്കുന്നതിന്റെ ചർച്ചയുടെ ഭാഗമായി സംഘടനയുടെ അഭിപ്രയങ്ങൾ എഴുതി നൽകി.
10. ശബരിമല ഡ്യൂട്ടി ദിവസത്തിൽ ഉണ്ടായിരുന്ന വിവേചനം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവർക്ക് പരാതി നൽകി. പരിഹാരം ഉണ്ടാകാത്ത സാഹചര്യത്തിൽ നിയമനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വിവേചനം പരിഹരിച്ച് തുല്യ ദിവസമാക്കി ഉത്തരവായി.
11. ഡി.ഡി.എം.എസ്. സ്റ്റോഫ്റ്റ് വെയർ കൃത്യമായി ലഭിക്കാത്തത് സംബന്ധിച്ച് പരാതി ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ കെ.എം.എസ്.സി.എൽ എന്നിവർക്ക് പരാതി നൽകി.
12. താലൂക്ക് ആശുപത്രി, 2 മറ്റ് മേജർ ആശുപത്രികളിൽ ഫാർമസിസ്റ്റ്, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകൾ, സ്റ്റോർ സൂപ്രണ്ട് തസ്തികകൾ, അതുപോലെ സി.എച്ച്.സികളിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ഹെൽത്ത് സെക്രട്ടറിയെ നേരിൽ കണ്ട് നിവേദനം നൽകി. പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകി.
13. സബ് സെന്റ്റുകളിൽ ഫാർമസി നിയമം ലംഘിച്ച് മരുന്ന് നൽകുന്ന വിഷയത്തിൽ താൽക്കാലികമായി ഫാർമസിസ്റ്റുമാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് വിശദമായ നിവേദനം തയ്യാറാക്കി ഉത്തരവുകൾ സഹിതം ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട, എന്നിവർക്ക് നൽകി അതിന്റെ പകർപ്പ് വിതരണം ചെയ്യുന്ന സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർമാർക്ക് നൽകി.




സ്റ്റേറ്റ് കൗൺസിൽ യോഗം, തൃശൂർ



എറണാകുളം ജില്ല - നവാഗതരുമായി മുഖാമുഖം



പാലക്കാട് ജില്ല - KSDPL സന്ദർശനം



# ആദരാഞ്ജലികൾ

## താഹിറ ബാനു

CHC, പൂന്തുറ, തിരുവനന്തപുരം



എം.എൻ.വി.ജി. അടിയോടി സ്മൃതി ദിനത്തിൽ സംസ്ഥാന ഭാരവാഹികൾ
സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുന്നു

Printed and Published by : Abhilash Jayaram, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837